

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 47 | THE ONLINE OFFICIAL NEWS BULLETIN | 2022 November 19


## SEASON OF ANNUNCIATION | അറിയിപ്പുകാലം

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| 20 Suboroh dabthulto Annunciation to St. Mary; 11th Mem. of job Mar Philoxenose ✠ (Pathanapuram Mt. Tabor Dayara) ♪4  | 21 ✠ Feast of the Entance of St. Mary to the Jerusalem Temple ♪8  | 22 ♪4 | 23 ♪8 | 24 206th Mem. of Sabha Jyothis Pulikkottil Joseph Mar Dionysius I ✠; 26th Mem. of Paulos Mar Gregorios ✠ (Kottayam Old Seminary) ♪4  | 25 Comme. of St. Clement of Rome ♪8  | 26 ♪4 |



ഡ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്കും ഡോ. ഗീവർഗീസ് മാർ യൂലിയോസിനും, ഗീവർഗീസ് മാർ തേയോഫിലോസിനും അഹമദ്ബാദ് വിമാനത്താവളത്തിൽ നൽകിയ വരവേൽപ്.



പ. പരുമല തിരുമേനിയുടെ 120–ാം ഓർമ്മ പെരുന്നാളും, പുളിക്കലോടിയിൽ സ്ഥിതിചെയ്യുന്ന ഇടവകയുടെ പുതിയ ചാപ്പലിന്റെ കൂദാശ കർമ്മവും പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യ കാർമികത്വത്തിൽ നടത്തപ്പെട്ടു.

## പ. കാതോലിക്കാ ബാവായ്ക്കെതിരെയുള്ള അതിക്രമം പ്രതിഷേധാർഹം

കോട്ടയം: കുന്നംകുളം പെങ്ങാമുക്ക് പളളിക്ക് സമീപം പ. കാതോലിക്കാ ബാവായെ വിഘടിത വിഭാഗം തടഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചത് പ്രതിഷേധാർഹമാണെന്ന് മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ. സർക്കാർ നടത്തുന്ന സമാധാന ചർച്ചകൾ അട്ടിമറിക്കാനുള്ള ഗൂഢശ്രമാണിത്. വളരെ ഗൗരവത്തോടെയാണ് സഭാ അദ്ധ്യക്ഷനു നേരെയുള്ള അക്രമത്തെ സഭ കാണുന്നത്. ഇന്ത്യൻ ഭരണഘടന ഒരു പൗരന് നൽകുന്ന മൗലീക അവകാശങ്ങളെ നിഷേധിക്കുന്ന ഇത്തരത്തിലുള്ള നടപടികൾ ദുഃഖകരമാണ്. സഭാ അദ്ധ്യക്ഷനായ പ. കാതോലിക്കാ ബാവായെ ഭീഷണിപ്പെടുത്തിയും വാഹനം തടഞ്ഞും സഭാ തർക്കം പരിഹരിക്കാമെന്നത് വ്യാമോഹം മാത്രമാണ്. ഈ അക്രമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവർക്ക് എതിരെ സർക്കാർ നിയമനടപടികൾ സ്വീകരിക്കണമെന്നും മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു.

## പ്രസ്താവന വാസ്തവ വിരുദ്ധം: ഓർത്തഡോക്സ് സഭ

കോട്ടയം: മലങ്കരസഭയുടെ 1934–ലെ ഭരണഘടനയും, സുപ്രീംകോടതി വിധിയും അവഗണിച്ചുകൊണ്ടുള്ള സമാധാന ശ്രമങ്ങൾക്ക് ഓർത്തഡോക്സ് സഭ ആഗ്രഹിക്കുന്നില്ലെന്ന് സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ. സമാധാനത്തിനും വിട്ടുവീഴ്ചയ്ക്കും സഭ സന്നദ്ധമാകുമ്പോൾ തന്നെ കോടതി വിധി പാലിക്കപ്പെടണമെന്ന തീരുമാനത്തിൽ നിന്ന് സഭ ഒരിക്കൽ പോലും പിന്നോട്ടു പോയിട്ടില്ല. അതേ നിലപാടാണ് കഴിഞ്ഞ ചർച്ചകളിലും സ്വീകരിച്ചത്. എന്നാൽ സർക്കാർ മുന്നോട്ട് വച്ച സമാധാന ശ്രമങ്ങളെ പിന്തള്ളുകയും, ചർച്ചയെ കലുഷിതമാക്കി മാറ്റുകയും ചെയ്തത് ആരാണ് എന്ന് വിഘടിത വിഭാഗം ചിന്തിക്കണം. ഓർത്തഡോക്സ് സഭയുടെ ഔദാര്യം തങ്ങൾക്ക് വേണ്ട എന്ന് പറഞ്ഞ് ചർച്ച അവസാനിപ്പിച്ചവർ, ഓർത്തഡോക്സ് സഭയെ സമൂഹമധ്യത്തിൽ അപകീർത്തിപ്പെടുത്തുവാൻ നടത്തുന്ന ശ്രമം അപലപനീയമാണെന്നും അദ്ദേഹം പറഞ്ഞു.

## നിയമനിർമ്മാണത്തിനുള്ള മുറവിളി അപഹാസ്യം: മാർ ക്രിസോസ്റ്റമോസ്

കോട്ടയം: മലങ്കരസഭാ പ്രശ്നം സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ രമ്യമായി പരിഹരിക്കാൻ സർക്കാർ നടത്തിയ ശ്രമത്തിൽ നിന്ന് ഏകപക്ഷീയമായി പിൻമാറിയിട്ട് നിയമനിർമ്മാണം വേണമെന്ന് വിഘടിത വിഭാഗം മുറവിളി കൂട്ടുന്നത് അപഹാസ്യമെന്ന് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ. മുഖ്യമന്ത്രിയുടെയും, ചീഫ് സെക്രട്ടറിയുടെയും അദ്ധ്യക്ഷതയിൽ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചകളിൽ സർക്കാരിന്റെ നിലപാടിനോട് അനുഭാവപൂർവ്വമായ സമീപനമാണ് ഓർത്തഡോക്സ് സഭ സ്വീകരിച്ചത്. സഭാ പ്രശ്നം പരിഹരിക്കാൻ നിയമനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ട് പാത്രിയർക്കീസ് വിഭാഗം സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജി സുപ്രീംകോടതി തള്ളിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ സർക്കാരിനെ സമ്മർദ്ദത്തിലാക്കാനുള്ള ശ്രമം പാത്രിയർക്കീസ് വിഭാഗം ഉപേക്ഷിക്കണം. ബഹുഭൂരിപക്ഷം വിശ്വാസികളും നിയമസംവിധാനങ്ങൾക്ക് വിധേയമായി സഭയുടെ ഭരണനിർവ്വഹണം നടത്തണമെന്ന് ആഗ്രഹിക്കുന്നുവെന്ന യാഥാർത്ഥ്യം വിഘടിത വിഭാഗം നേതൃത്വം തിരിച്ചറിയണം.

നിലവിലുള്ള നിയമങ്ങൾക്ക് വിധേയപ്പെടാത്തവർ പുതിയ നിയമനിർമ്മാണത്തിന് വേണ്ടി വാദിക്കുന്നതിലെ വൈരുദ്ധ്യം ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. സുപ്രീംകോടതി വിധിയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സമാധാനം കണ്ടെത്തുവാൻ സർക്കാർ നടത്തിയ ശ്രമങ്ങളെ പുതിയ നിയമനിർമ്മാണം എന്ന പേര് പറഞ്ഞ് അട്ടിമറിച്ചവർ വ്യാജപ്രചരണങ്ങൾ നടത്തുന്നത് അവസാനിപ്പിച്ച് സർക്കാരിനോട് സഹകരിക്കണം. നിഷേധാത്മകമായ നിലപാടുകൾ വിഘടിത വിഭാഗം നിരന്തരം സ്വീകരിക്കുന്ന സാഹചര്യത്തിൽ സുപ്രീംകോടതി വിധി നടപ്പാക്കി സഭയിൽ സമാധാനം സ്ഥാപിക്കുവാൻ സർക്കാർ അടിയന്തരമായി ഇടപെടണം. ചർച്ചകളിൽ ഇരുവിഭാഗവും സ്വീകരിച്ച നിലപാട് സർക്കാർ കോടതിയെ അറിയിക്കുമെന്നാണ് പ്രതീക്ഷയെന്നും മാർ ക്രിസോസ്റ്റമോസ് പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



# ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച

## ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

അപരിമിതൻ പരിമിതനായി, സ്വർഗ്ഗീയൻ മണ്മയനായി, കാലാതീതൻ കാല പരിധിക്ക് വിധേയനായി പിറക്കാൻ തീരുമാനിച്ച് ആ സദ്വാർത്ത ഗബ്രിയേൽ മാലാഖ വഴി ലോകത്തെ അറിയിക്കുന്ന സുദിനം.

### 1. രണ്ടാമത്തെ സ്വർഗ്ഗം

ദൈവം വസിക്കുന്നിടം ഉന്നതങ്ങളിലായാലും ഭൂമിയിലായാലും അത് സ്വർഗ്ഗം തന്നെ. കന്യകമറിയം ദൈവത്തെ ഉദരത്തിൽ വഹിച്ചതിനാൽ അവൾ രണ്ടാം സ്വർഗ്ഗമായി. ക്രിസ്തു നിങ്ങളുടെ മദ്ധ്യേ ഉരുവാകുമ്പോൾ അവിടം സ്വർഗ്ഗസമാനമായി മാറും. നിന്റെ വ്യക്തിജീവിതത്തിൽ അവൻ രൂപം ധരിച്ചുവരട്ടെ. നിന്റെ ഭവനത്തിൽ അവൻ ഉരുവാകട്ടെ. ഭവനം നമുക്ക് അലങ്കരിച്ച് മനോഹരമാക്കാം. സ്വർഗ്ഗമെന്ന പ്രതീതി ജനിപ്പിക്കുംവിധം സുന്ദരമാക്കാം. പക്ഷേ, സ്വർഗ്ഗമായിത്തീരാൻ ബാഹ്യമായ എടുപ്പുകളും പുറംമോടികളും വേണ്ട. വില കൂടിയ വസ്ത്രങ്ങളും ആടയാഭരണങ്ങളും അവൻ അന്വേഷിക്കുന്നില്ല. വിശുദ്ധിയുടെ ആന്തരീയ സൗന്ദര്യം മാത്രം മതി. അത്തരമൊരിടം ഭൂമിയിൽ ദൈവം കണ്ടെത്തി. നസറേത്ത് എന്ന ഗലീലാ പട്ടണത്തിൽ കളങ്കമേശാത്തൊരു കന്യക. അവളിൽ അവൻ ഇറങ്ങി വസിച്ച് ഉരുവാകും എന്ന സദ്വാർത്ത അവളെ, ലോകത്തെ വിളിച്ചറിയിക്കുന്ന സുദിനം.

### 2. 'മറിയമേ, ഭയപ്പെടേണ്ടാ' (ലൂക്കോ. 1:30)

'സഖര്യാവേ, ഭയപ്പെടേണ്ട' എന്ന ദൂതവചനം ഇവിടെയും ആവർത്തിക്കുന്നു. വേദപുസ്തകത്തിലുടനീളം ഈ സാന്ത്വന വചനം മുഴങ്ങി കേൾക്കാം. അബ്രഹാമും (ഉല്പ. 15:1) യാക്കോബും (ഉല്പ. 46:3) ഗിദയോനും (ന്യായ. 6:23) പൗലോസും (അപ്പോ. 27:24) ഈ വാക്ക് കേൾക്കുന്നുണ്ട്.

ദൈവത്തെ അഭിമുഖീകരിച്ച അത്യപൂർവ്വ നിമിഷം ഭ്രമിക്കത്തക്കതെങ്കിലും അതീവ സുന്ദരവും അത്യന്തം ശാന്തിപൂർണ്ണവുമായ മുഹൂർത്തം. ദൈവം തന്നെ ദൂതരൂപിയായി പ്രത്യക്ഷനാവുന്നു. ഈ നഗ്ന നയനങ്ങൾ കൊണ്ട് സൂര്യനെ വെല്ലുന്ന ആ തേജോരൂപം എങ്ങനെ നോക്കിക്കാണും? ഭ്രമിച്ച് മുഖമുയർത്താനാവാതെ നിൽക്കുന്ന അവളുടെ മുഖം പിടിച്ചുയർത്തി അവൻ മൊഴിഞ്ഞു. 'മറിയമേ, ഭയപ്പെടേണ്ട.' ആ മുഖാമുഖം അവർണ്ണനീയമായ ഒരു അനുഭൂതിയായിരുന്നു. ആ വചനം സ്വർഗ്ഗീയ ശാന്തി പകർന്ന് ആജീവനാന്തം നിലനിന്നു.

മനുഷ്യനിന്നും അടിസ്ഥാനപരമായ പല ഭയങ്ങൾക്കും അടിമയാണ്. സുരക്ഷിതനല്ലെന്ന ഭയം, ചെറുതായിപ്പോകും എന്ന ഭയം. ഈ ഭയങ്ങളെ അതിജീവിക്കാനെന്നോണം ധനം കൊണ്ടും സ്ഥാനമാനങ്ങൾകൊണ്ടും ബന്ധുബലം കൊണ്ടും രാഷ്ട്രീയ സ്വാധീനങ്ങൾ കൊണ്ടും സുരക്ഷിതത്വത്തിന്റെ, വമ്പിന്റെ വൻ കോട്ടകൾ കെട്ടിപ്പൊക്കുന്നു. അവസാനം അതിനുള്ളിൽ സ്വയം അടിമയായിത്തീർന്നു എന്നു കണ്ടെത്തുന്നു. തുടക്കത്തിൽ നേട്ടങ്ങളെന്നു തോന്നിയെങ്കിലും ഒടുവിൽ എല്ലാം നഷ്ടവും ശൂന്യവും എന്ന് തിരിച്ചറിഞ്ഞ് പകച്ചു നിൽക്കുന്നു. നമ്മെ അമർത്തിയൊതുക്കുന്ന, ദൈവസാന്നിദ്ധ്യത്തിൽ നിന്നും ആട്ടിയകറ്റുന്ന അടിസ്ഥാന ഭയങ്ങളിൽ നിന്നും വിമോചിതരാവുക തന്നെ വേണം. തിരിഞ്ഞു വന്ന് ദൈവത്തെ അഭിമുഖീകരിക്കൂ. 'ഭയപ്പെടേണ്ടാ, നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു' എന്ന സാന്ത്വനവചനം നിനക്കു കേൾക്കാം. ശാന്തിയും സമാധാനവും നിറഞ്ഞ് ജീവിതത്തിന് അർത്ഥം കണ്ടെത്താം.

### 3. 'കർത്താവ് നിന്നോടു കൂടെയുണ്ട്'

ദൈവം അന്യനായിപ്പോവുന്നു എന്നതാണ് മനുഷ്യന്റെ എന്നുമുള്ള പ്രശ്നം. ദൈവം കൂടെയാവണം, കൂടെ നടക്കണം, കൈ പിടിച്ചു നടത്തണം. ദൈവം ജീവിതത്തിന്റെ അനുഭവമാകാതെ വരുമ്പോൾ അവൻ നിനക്ക് അന്യനായി, മരിച്ചവനായി, അവൻ നിനക്ക് ജീവനുള്ള ദൈവം അല്ലാതെയായി. 'ദൈവം മരിച്ചു' എന്ന ഫ്രെഡറിക് നീച്ചെയുടെ പ്രഖ്യാപനം ഈ നിലയിൽ വേണം




ഗ്രഹിക്കാൻ.

'ഭയപ്പെടേണ്ട' എന്ന ദൈവത്തിന്റെ ആശ്വാസവചനം വേദപുസ്തകത്തിൽ പലയിടങ്ങളിലും കാണുന്നുണ്ടല്ലോ. ആ സന്ദർഭങ്ങളിൽ 'ഞാൻ നിന്നോടു കൂടെ ഉണ്ട്' എന്ന് ദൈവസാന്നിദ്ധ്യം ഉറപ്പുവരുത്തുന്ന വചനം ചേർന്നുവരുന്നതു കാണാം. കർത്താവ് നിന്നോടു 'കൂടെ ഉണ്ട്' എന്നു കേൾക്കുമ്പോൾ 'ദൈവം നമ്മോടു കൂടെ' എന്നർത്ഥമുള്ള 'അമ്മാനുവേൽ' എന്ന യേശുവിന്റെ മറുനാമം നമ്മുടെ ചിന്തയിൽ വരുന്നു. കർത്താവ് അമ്മാനുവേലായി നമ്മിലേക്കു കടന്നുവരട്ടെ. നമ്മെ ചുഴ്ന്നു നിൽക്കുന്ന ആശങ്കകളിൽ നിന്നും ആപത്ചിന്തകളിൽ നിന്നും ഭയങ്ങളിൽ നിന്നും നമ്മെ വിമോചിപ്പിക്കട്ടെ.

4. കന്യകമറിയാമിനെ ദൈവത്തിന്റെ ദൂത് അറിയിക്കാൻ ചെന്ന മാലാഖ 'അവളുടെ അടുക്കൽ അകത്തു ചെന്നു' (ലൂക്കോ. 1.28) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. 'പ്രാർത്ഥിപ്പാൻ ദൈവത്തിൻമുമ്പിൽ മറിയാം നിന്നീടുന്ന നേരത്ത്' മാലാഖ ദൂതുമായി അവളെ സമീപിച്ചു എന്നാണ് പാരമ്പര്യം. അവൾ പുറംവാതിൽ പൂട്ടി അകത്ത് ഉൾമുറിയിൽ പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുമ്പോൾ മാലാഖ അവൾക്കു പ്രത്യക്ഷനായി എന്നു മനസ്സിലാകുന്നു. ഇത്തരം ഒരു സന്ദർഭത്തിലാണ് ദൂതൻ സഖര്യാവിനോടും ഒരു മകൻ ജനിക്കും എന്ന സദ്വാർത്ത അറിയിക്കുന്നത്.

ഇതാ, ഒരു നിർമ്മല. കർത്താവിനായി ജീവിതത്തെ അതിന്റെ സമഗ്ര രൂപത്തിൽ പൂർണ്ണമായി അർപ്പിച്ചവൾ. 'ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' എന്നു പറഞ്ഞ് സ്വയം വച്ചുകൊടുത്തവൾ. അവളിലാണ് ദൈവം പ്രസാദവർഷം ചൊരിഞ്ഞത്. അവൾക്കാണ് ദൈവത്തിന്റെ ദൂതു ലഭിക്കാനുള്ള ഭാഗ്യമുദിച്ചത്. ലോകത്തിനുവേണ്ടി രക്ഷകനെ വഹിക്കാനുള്ള നിയോഗമുണ്ടായത്. അവളോടു താദാത്മ്യപ്പെടുന്നവരിലെല്ലാം കർത്താവ് അമ്മാനുവേലായി, രക്ഷകനായി ഇന്നും ഉരുവായി വരും. ❑

പുസ്തകം

# വർത്തമാനകാലത്ത് വൈദിക ശുശ്രൂഷയുടെ സാധ്യതകളും വെല്ലുവിളികളും

ഫാ. ഡോ. ജേക്കബ് കുര്യൻ

പരിശുദ്ധ പരുമല തിരുമേനിയുടെ പരിപാവന പാദാന്തികത്തിൽ ദൈവം തമ്പുരാൻ നമ്മെ വീണ്ടും കൂട്ടിവരുത്തിയിരിക്കുന്നു. *ഊർശ്ലേം യാത്രാവിവരണ*ത്തിൽ പരുമല തിരുമേനി പരാമർശിക്കുന്ന കർത്താവിന്റെ കബറിങ്കലെ പുനരുത്ഥാനപ്പെരുന്നാളിന്റെ ''പുത്തൻ തീ'' പോലെ, മലങ്കരസഭാമക്കൾക്കൊക്കെ "പുത്തൻ തീ'യുടെ പുണ്യസ്ഥലമാണിത്. വർത്തമാനകാലത്ത് അജപാലന ശുശ്രൂഷയുടെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തിലേക്ക് ക്രിസ്തുവിന്റെ ഐക്കോണുകൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന വൈദികർ, ബോധങ്ങളും വിചാരങ്ങളും ഹൃദയങ്ങളും ഉണർത്തുകയും ഉയർത്തുകയും ചെയ്യുന്ന നിമിഷങ്ങളായിട്ടാണിതിനെ വിഭാവന ചെയ്യുന്നത്.

ഐക്കോണുകളുടെ ആദരവിന്റെ പൗരസ്ത്യ ക്രൈസ്തവ പശ്ചാത്തലത്തിൽ, വൈദികരെ ക്രിസ്തുവിന്റെ ഐക്കോണുകൾ എന്ന് വിശേഷിപ്പിക്കുന്നത് അർത്ഥഗർഭമാണ്. ദൈവസാദൃശത്തിൽ അഥവാ ഐക്കോണിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ, പ്രപഞ്ചത്തിൽ ദൈവത്തിന്റെ ഐക്കോണും, ക്രിസ്തുസാദൃശ്യത്തിൽ പ്രതിഷ്ഠിക്കപ്പെട്ട വൈദികനെ ക്രിസ്തുവിന്റെ ഐക്കോണും എന്നു പിതാക്കന്മാർ പറഞ്ഞപ്പോൾ ദൈവത്തിന്റെ പരിമിത സാദൃശ്യമായി മനുഷ്യനെയും ക്രിസ്തുവിന്റെ പരിമിത സാദൃശ്യമായി വൈദികനെയും സൂചിപ്പിച്ചു. ഒരു ഫോട്ടോയും ഐക്കണും തമ്മിലുള്ള വ്യത്യാസം ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി ചൂണ്ടിക്കാട്ടിയത് ഓർക്കുന്നു. ഒരു ഫോട്ടോ, ശാരീരിക അസാന്നിധ്യത്തിന്റെ ഓർമ്മ നൽകുമ്പോൾ, ഒരു ഐക്കൺ ആത്മീയ സാന്നിധ്യത്തിന്റെ അനുഭവം നൽകുന്നു. അതുകൊണ്ട്, നാം ക്രിസ്തുവിന്റെ ഐക്കോണുകൾ അഥവാ ആത്മീയ സാന്നിധ്യത്തിന്റെ അനുഭവം നൽകുന്നവർ എന്ന് പ്രതീക്ഷിക്കപ്പെടുമ്പോൾ, സീനായിൽ മോശപോലെ, കർമ്മേലിൽ ഏലിയാപോലെ നാം ദഹിപ്പിക്കുന്ന അഗ്നിയുടെ അടുക്കൽ ഭയത്തോടും വിറയലോടും നിൽക്കേണ്ടവരാണല്ലോ.

നാം ഒരുപക്ഷെ, സ്വീകരണങ്ങളുടെ ആമോദത്തിലും വിജയഭേരികളുടെ ആവേശത്തിലും ആണെങ്കിലും, കാലത്തിന്റെ കാവ്യനീതി നമ്മെ ഓർമ്മിപ്പിക്കുന്ന മറ്റൊന്നുണ്ട്: മഹാമാരിയും മാധ്യമവിചാരണയും നമ്മെ കൂടുതലായി ഇന്ന് വേട്ടയാടുന്നുവെന്ന്; കാലം മാറിക്കൊണ്ടിരിക്കുന്നുവെന്ന്. അതുകൊണ്ട് ശമുവേൽ ദീർഘദർശിയുടെ ഒന്നാം പുസ്തകം 14-ാം അധ്യായത്തിലെ ഒരു സംഭവം നാമൊന്നു ദർശിക്കണം. ശൗൽ രാജാവിന്റെയും വീരപുത്രനായ യോനാഥാന്റെയും നേതൃത്വത്തിൽ ഇസ്രായേൽ, ഫെലിസ്ത്യരുടെമേൽ വിജയം വരിച്ചു. തോറ്റോടുന്നവരെ രാത്രിയിലും പിന്തുടർന്ന് കൊള്ളയിടുവാൻ ആവേശത്തോടെ കല്പിച്ച ശൗലിനോടും, അങ്ങനെതന്നെഎന്നാർത്തു മുമ്പോട്ടു നീങ്ങിയ ജനത്തോടും, സ്വന്തം പാളയത്തിലെ അപകടം മണത്തറിഞ്ഞ ഒരു "പുരോഹിതൻ" വിളിച്ചു പറയുകയാണ്, "അരുത് നാം ഇവിടെ ദൈവത്തോട് അടുത്തു ചെല്ലുക" എന്ന് (1 ശമു. 14:36). അവരു നിന്നു. തുടർന്നു നടന്ന സംഗതികൾ നാടകീയമായ ഒരു കണ്ടെത്തലും, വീണ്ടെടുക്കലുമാണ്. അറിയാതെയാണെങ്കിലും, ദൈവതിരുമുമ്പാകെ, രാജശപഥം ലംഘിച്ച രാജപുത്രൻ യോനാഥാനെ, അതിന്റെ ശിക്ഷയായ മരണത്തിൽനിന്ന് വീണ്ടെടുക്കുവാൻ അവനുവേണ്ടി കണ്ണീരോടെ അപേക്ഷിച്ച് നിൽക്കുന്ന ദൈവജനത്തെയും അവരുടെ വിനയവിജയത്തെയുമാണ് പിന്നീട് നാം കാണുന്നത്. "നാം ഇവിടെ ദൈവത്തോട് അടുത്തുചെല്ലുക" എന്നു പറയുവാൻ കഴിയുന്ന പുരോഹിതന്മാർ ഉള്ളിടത്ത്, ഫെലിസ്ത്യരുടെ നാശത്തിനായുള്ള നറുക്കിനെക്കാൾ, സ്വന്തം കുടുംബത്തിനുള്ള ദൈവനീതിയുടെ നറുക്കിനെ കണ്ട്, നഷ്ടത്തിന്റെ വക്കിലായ സ്വന്തം മക്കളുടെ രക്ഷകനായി പ്രവർത്തിക്കുവാൻ കഴിഞ്ഞേക്കും. കാലം മാറുന്നു. ഇന്നത്തെ സഭയുടെ പശ്ചാത്തലത്തിൽ മേല്പറഞ്ഞ വേദഭാഗത്തിന്റെ പ്രസക്തിയെക്കുറിച്ച് രണ്ടുവിധത്തിൽ പ്രതികരിക്കുന്നവർ ഉണ്ടാകാം. അതുകൊണ്ട് അല്പം വിശദീകരണം നൽകണം എന്ന് തോന്നുന്നു. ദൈവത്തോട് അടുത്തുചെല്ലുക എന്നു വിളിച്ചുപറഞ്ഞ പുരോഹിതൻ, ശൗലും ഇസ്രായേൽ ജനവും ഫെലിസ്ത്യരെ തോല്പിച്ചത് തെറ്റായിപ്പോയി എന്നു പറഞ്ഞില്ല. ഫിലിസ്ത്യരുടെ അതിക്രമങ്ങൾക്ക്, ഇസ്രായേൽക്കാരെ അടിമകളാക്കാനുള്ള ആവേശത്തിന് ചുട്ടമറുപടി കൊടുത്തേ മതിയാകുമായിരുന്നുള്ളു. പക്ഷേ, വിജയത്തിന്റെ ബാക്കിപത്രത്തിൽ, സ്വന്തം രാജകുമാരന്, ആസന്നമായ മരണത്തിന്റെ അപകടം, വായിച്ചെടുക്കുവാൻ പുരോഹിതൻ ഉണർന്നു പ്രവർത്തിക്കേണ്ടതായി വന്നു. അറിഞ്ഞും അറിയാതെയും സഭാമക്കൾ നിസ്സംഗതയുടെയും നിരാശയുടെയും അപകടനിലയിൽ ആയിപ്പോകുന്നുവെന്ന വസ്തുത വായിച്ചെടുക്കുന്ന പുരോഹിതന്മാർ ഇസ്രായേലിനെ സ്നേഹിക്കാത്തവരല്ല, ഒത്തിരി സ്നേഹിക്കുന്നവർ തന്നെയാണ്. ആ പുരോഹിതന്റെ രാജ്യസ്നേഹത്തിന് അന്ന് വില പറയുവാൻ അവർ ഒരുങ്ങിയിരുന്നെങ്കിൽ, യോനാഥാനുവേണ്ടി വാദിച്ചവരൊന്നും പുരോഹിതനുവേണ്ടി വാദിക്കുവാൻ ഉണ്ടാവുകയില്ലായിരുന്നു തീർച്ച. പുരോഹിതൻ നിർദ്ദയം കൊല്ലപ്പെട്ടേനെ. പക്ഷെ, പഴയനിയമകാലത്തുപോലും അങ്ങനെ സംഭവിച്ചില്ല. അതുകൊണ്ട് പരുമല തിരുമേനിയും നമ്മോടു പറയുന്നു, "മക്കളേ, നാം ഇവിടെ ദൈവത്തോട് അടുത്തു ചെല്ലുക."



പരിശുദ്ധ പരുമല തിരുമേനി ഇഹലോകവാസം വെടിഞ്ഞിട്ട് 120 വർഷമായെങ്കിൽ, ആ പരിശുദ്ധൻ "ദയറോയൂസോ" അഥവാ "റമ്പാൻ" ആയിട്ട് ഇത് 150-ാം വർഷമാണ്. പരുമല തിരുമേനിയുടെ ജീവചരിത്രത്തോടൊപ്പം മലങ്കരസഭാചരിത്രം പഠിക്കുന്നവർക്ക് മനസ്സിലാകുന്ന ഒരു കാര്യമുണ്ട്. "മലങ്കരസഭാതേജസ്സ്" ആയി നാം ആദരിക്കുന്ന, കേരള നവോത്ഥാന നായകൻ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ അഥവാ 'ദീവന്നാസ്യോസ് അഞ്ചാമൻ" 1872-ൽ ചാത്തുരുത്തി ഗീവർഗീസ് കശീശയെ റമ്പാനാക്കുന്നതോടെയാണ്, ഒരു വിശുദ്ധിയുടെ വീരേതിഹാസം എഴുതപ്പെടാൻ തുടങ്ങുന്നത്. 1876-ൽ ഗീവർഗീസ് റമ്പാൻ മെത്രാനായി, ആദ്യം നിരണം, പിന്നെ തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ ചുമതല വഹിച്ചു. അങ്ങനെയിരിക്കുമ്പോൾ 1892-ൽ ഒരു സുപ്രധാന കാര്യം നടന്നു. സഭയുടെ ഉന്നമനത്തെ ലക്ഷ്യംവച്ച് വൈദികരുടെ ഒരു വലിയ സമ്മേളനം. പരുമലയിൽ വച്ച് നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളിലെ വൈദികരുടെ സംയുക്ത സമ്മേളനം പരുമല തിരുമേനി വിളിച്ചുകൂട്ടി. ഒരു മഹാമാരിപോലെ സഭയെ ഗ്രസിച്ച അവ്യക്തതയ്ക്കും അശാന്തിക്കും അറുതിവരുത്തി ചില സുപ്രധാന തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കി. ആ സമ്മേളനത്തിന് ക്ലിറിക്ക് യോഗം എന്നു പരുമല തിരുമേനി പേരുകൊടുത്തു. ആ സമ്മേളനത്തിന്റെ തുടർച്ചയായി ഭദ്രാസനങ്ങളിലും പ്രാദേ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ശികമായും “റോസൈ” യോഗങ്ങളെയും ക്രമപ്പെടുത്തി. പത്തുപന്ത്രണ്ടു വൈദികർ വീതമുള്ള റോസൈ കമ്മിറ്റിക്കാരിൽ ചിലർ സഞ്ചാര പ്രസംഗികളായും, പുസ്തക തർജ്ജമക്കാരായും, വിദ്യാഭ്യാസ പ്രവർത്തകരായും, വിശ്വാസപ്രബോധകരായും, മിഷണിമാരായും, നിർമ്മാണപ്രവർത്തന മേലന്വേഷകരായും, ധർമ്മശേഖരക്കാരായിട്ടും ചുമതലപ്പെട്ടു പ്രവർത്തിക്കാൻ തുടങ്ങുകയും, അവരെ പരുമല തിരുമേനി കാര്യക്ഷമമായി മേൽവിചാരം നടത്തുകയും ചെയ്തു. അങ്ങനെ നവീകരണ വെല്ലുവിളിയെ അതിജീവിച്ച് പുരോഗമന സാധ്യതകളുടെ ഒരു കാലം തെളിഞ്ഞു. അതിന്റെ അടിസ്ഥാനമിട്ട ആദ്യ “ക്ലിറിക്” യോഗത്തിന്റെ 130-ാം വാർഷികം കൂടിയായിട്ട് 2022-ലെ വൈദിക സോണൽ സമ്മേളനത്തെ നമുക്കു കാണുവാൻ കഴിയും.

നാമൊക്കെ അല്പം ഗൗരവതരമായി ഒരു വിഷയം ചർച്ച ചെയ്യാനൊരുങ്ങുമ്പോൾ, ആമുഖമായി രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കും എന്നാണ് തോന്നുന്നത്. ഒന്ന്, ആ വിഷയം കൊണ്ടെന്താണ് അർത്ഥമാക്കുന്നത്? രണ്ട്, ആ വിഷയത്തിന്റെ പശ്ചാത്തലവും പ്രസക്തിയും എന്താണ്?

നമ്മുടെ ഇന്നത്തെ കൂടിവരവിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വിഷയം “Challeneges and Possibilities of Pastoral Ministry during Pandemic Era” എന്നതാണ്. അതിനെ മലയാളത്തിൽ ആക്ഷരികമായിട്ടാക്കുമ്പോൾ, “മഹാവ്യാധിയുടെ കാലഘട്ടത്തിൽ അജപാലനശുശ്രൂഷയുടെ സാധ്യതകളും വെല്ലുവിളികളും” എന്നാകുമെന്നു തോന്നുന്നു. “മഹാവ്യാധി” എന്നു പറയുമ്പോൾ “കൊറോണ” അഥവാ കോവിഡ്-19” പകർച്ചരോഗത്തെ മാത്രമായിട്ടെടുക്കണോ, അതോ നമ്മുടെ കാലഘട്ടത്തെ ഗ്രസിച്ചിരിക്കുന്ന ഭൗതികവും, ധാർമ്മികവും, ആത്മികവുമായ ഒരു വ്യാധിയുടെ അവസ്ഥയെന്നാണോ അർത്ഥമാക്കേണ്ടത് എന്നതു തന്നെ ചർച്ച ചെയ്യേണ്ട വിഷയമാണ്. കോവിഡ് കാലം അവസാനിച്ചിട്ടില്ല എന്നതും, അതിന്റെ തന്നെ വകഭേദങ്ങൾ മാത്രമല്ല വാതിൽക്കലെത്തിയ പുതിയ മഹാമാരികളും മനുഷ്യവംശത്തിന്റെ നിലനിൽപിനെത്തന്നെ വെല്ലുവിളിക്കുന്നു എന്ന വസ്തുത ഒരു വശത്ത്; നിയമദൃഷ്ടിയിലും, പൊതുജീവിതത്തിലും, കുടുംബവ്യവസ്ഥിതിയിലും, മാധ്യമവിചാരണകളിലും മാത്രമല്ല സഭകളുടെയും മതസമൂഹങ്ങളുടെയും ധാർമ്മികതാ സങ്കല്പങ്ങളിലുമുണ്ടായിട്ടുള്ള വലിയ മാറ്റം മറുവശത്ത്; സർവ്വോപരി, ആത്മീയ മേഖലയിൽ അടിമുടി കാണപ്പെടുന്ന മൂല്യത്തകർച്ചയും മാതൃകാസങ്കല്പ പ്രതിസന്ധിയും മറ്റൊരു വശത്ത്; ഇതെല്ലാം കൂടി ഒരു “മഹാവ്യാധി” പ്രതീതി ഉളവാക്കുന്നതിന്റെ ചെറുസൂചനകൾ മാത്രമാണ്, നമ്മുടെ ചുറ്റും നാം കാണുകയും കേൾക്കുകയും ചെയ്യുന്ന പീഡനകഥകളും, നരബലിയും, നരഭോജനവും, ലവ്ജിഹാദും, നർക്കോട്ടിക് ജിഹാദും, ഇങ്ങേയറ്റം സാമ്പ്രാണിയും കുന്തിരിക്കവും മണപ്പിച്ച് കൊച്ചുകുഞ്ഞുങ്ങൾ വിളിച്ചുപറയുന്ന കാലന്റെ പോപ്പുലർ ആയ “ഫ്രണ്ട്ലി” വരവും പോലും. ഇവയ്ക്കൊക്കെ സമാന്തരമായി, സഭാജീവിതത്തെ മുഴുവൻ വ്യാധിക്കു സമാനമായി ബാധിച്ചിരിക്കുന്ന അകലം പാലിക്കലിന്റെ കോവിഡാനന്തര പ്രതിസന്ധിയെ കണ്ടില്ല, കേട്ടില്ല എന്നു വയ്ക്കുവാൻ നമുക്കാവില്ല. മേല്പറഞ്ഞ എല്ലാറ്റിനെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഞാനിങ്ങനെ പറയുവാൻ ധൈര്യപ്പെടുകയാണ്.

കോവിഡുകാലത്തെ ആരോഗ്യശാസ്ത്രപരമായ അകലംപാലിക്കൽ, നമ്മുടെ കാലഘട്ടത്തിൽ സാമൂഹ്യശാസ്ത്രപരവും പ്രതീകാത്മകവുമായ “അകലംപാലിക്കൽ വ്യാധി”യായി മാറിയിരിക്കുന്നു.

സ്വന്തക്കാരെപ്പോലും കോവിഡ് അകറ്റിനിർത്തി അകലം പാലിക്കാൻ പരിശീലിപ്പിച്ചപ്പോൾ, ആരും അത്ര സ്വന്തമല്ലെന്ന് തിരിച്ചറിഞ്ഞ് അകലം പാലിക്കാൻ നാം പരിചയിച്ചു. അത് കുടുംബത്തിലും, കുടുംബയോഗത്തിലും, അയൽപക്കബന്ധത്തിലും, ഇടവക കൂട്ടായ്മയിലും, “അജപാലന” ബന്ധത്തിലും, സഭാജീവിതത്തിൽ പൊതുവെയും വരുത്തിയ മാറ്റം ഭയാനകമാണ്. അതുകൊണ്ടുതന്നെ വായിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന ഒരു സഭാംഗം, സ്നേഹത്തോടെ ഒരു കാര്യം പങ്കുവച്ചതിങ്ങനെയാണ്:

“അച്ചാ, ‘അജപാലനം’ എന്ന പദം കാലഹരണപ്പെട്ടിരിക്കുന്നു; ആരാണച്ചാ, ‘ആടുകൾ?’ ആരണച്ചാ ‘ഇടയന്മാർ?’ ഇന്ന് നിങ്ങൾ ഞങ്ങൾക്ക് ‘ആടുകൾ’ എന്നുപയോഗിക്കുന്നത്, ഞങ്ങൾക്കിഷ്ടമാണോ എന്നെങ്കിലും നിങ്ങൾ അന്വേഷിക്കണം. നിങ്ങൾ വൈദികരാണ്, പുരോഹിതന്മാരാണ്. പക്ഷെ ഇടയന്മാരാണെന്ന് സ്വയം അവകാശപ്പെട്ടാൽ മതിയോ? പണ്ട് ഞങ്ങൾ വൈദികസ്ഥാനികൾക്ക് ഉപയോഗിച്ച പൂജകപദങ്ങൾ പലതും ഇന്നും ഉപയോഗിക്കുന്നെങ്കിൽ അത് ഞങ്ങൾക്കിഷ്ടപ്പെട്ടല്ല, നിങ്ങൾക്കിഷ്ടപ്പെടാൻ മാത്രമാണ്

**കോവിഡുകാലത്തെ ആരോഗ്യശാസ്ത്രപരമായ അകലംപാലിക്കൽ, നമ്മുടെ കാലഘട്ടത്തിൽ സാമൂഹ്യശാസ്ത്രപരവും പ്രതീകാത്മകവുമായ “അകലംപാലിക്കൽ വ്യാധി”യായി മാറിയിരിക്കുന്നു.**

ഞങ്ങൾ ഉപയോഗിക്കുന്നത് എന്ന് തിരിച്ചറിയുകയെങ്കിലും വേണം. കാരണം, കാലം മാറിയിരിക്കുന്നു.”

അകലം അനുഭവിക്കുകയും, പാലിക്കുകയും ചെയ്യുന്ന ഒരു ജീവിതശൈലി: പള്ളിയിൽ പോകണമെന്നില്ല, പ്രാർത്ഥനായോഗത്തിനും പോകണമെന്നില്ല, ഭവനസന്ദർശനം പ്രതീക്ഷിക്കുന്നില്ല, സണ്ടേസ്കൂളിൽ കുട്ടികളെ അയയ്ക്കണമെന്നില്ല, എന്ന അവസ്ഥയിലേക്ക് ഭൂരിപക്ഷം പേരെയും ആക്കിത്തീർക്കുമ്പോൾ, ഒരു വ്യാധിയുടെ ലക്ഷണം അന്തരീക്ഷത്തിൽ നാം കാണുന്നു. ആ വ്യാധി പേരിൽ പണ്ടുണ്ടായിരുന്നതെങ്കിലും, രൂപത്തിൽ നമ്മോട് കൂടുതൽ അടുത്തു കാണുന്നത്, കോവിഡാനന്തര കാലത്താണ്. അതിന്റെ പേരാണ് Xenophobia. അകലം പാലിച്ച്, പാലിച്ച് അന്യരായി മാറി, ആരും അടുത്തുവരുന്നതിനെ ഭയപ്പെടുന്ന രോഗം. ഇതിന് ആരോഗ്യശാസ്ത്രപ്രകാരമുള്ള മനഃശാസ്ത്ര പ്രതിവിധി: വിശ്വാസം നേടിയെടുത്ത് അടുത്ത് ചെല്ലുക എന്നതാണ്. മുമ്പ്, ജാതിവ്യവസ്ഥിതിയോടും, വംശീയ പൊങ്ങച്ചത്തോടും, അധികാരസ്ഥാനങ്ങളോടും, സമ്പന്ന ഗർവ്വോടും, മാനസിക വിഭ്രമത്തോടും ചേർത്ത് ആരോപിക്കപ്പെട്ടിരുന്ന ഈ രോഗാവസ്ഥ നമ്മുടെ കാലഘട്ടത്തെ അധികമായി ആക്രമിച്ചുകൊണ്ടിരിക്കുന്നു.

സാമൂഹ്യശാസ്ത്രപരമായി പ്രതീകാത്മകമായ ഈ രോഗാവസ്ഥയ്ക്ക് “വൈദിക ശുശ്രൂഷ”യോട് (ഇനി മുതൽ ഈ പ്രഭാഷണത്തിൽ, “അജപാലനപരമായി” എന്നതിനു പകരമായി “വൈദികശുശ്രൂഷയോട് ബന്ധപ്പെട്ട്” എന്നായിരിക്കും ഉപയോഗിക്കുക) ബന്ധപ്പെട്ട് എന്ത് സമീപനമാണ് വേണ്ടത് എന്നതിനും, ഉള്ള ഉത്തരം “സാവധാനം വിശ്വാസം നേടിയെടുത്ത് അടുത്തു ചെല്ലുക” എന്നതു തന്നെയാണ്. ഇക്കാര്യത്തിൽ കത്തോലിക്കാസഭ എടുത്തിരിക്കുന്ന ഒരു സമീപനം ശ്രദ്ധേയമാണ്. സഭയെ ജനകീയമാക്കുന്നതിന് ജനകീയ പോപ്പായ ഫ്രാൻസിസ് മാർപാപ്പാ ഇടവകതലം മുതൽ ആഗോളകേന്ദ്രം വരെ പ്രാവർത്തികമാക്കുവാൻ ഒരു പ്രവർത്തനശൈലി പ്രഖ്യാപിച്ചിരിക്കയാണ്. ആ ശൈലിയുടെ ചുരുക്ക നാമം “From the local to the Global” എന്നാണ്. ഇടവകതലം മുതൽ ഭരണത്തിലും ആരാധനയിലും, പ്രബോധന ശുശ്രൂഷയിലും അത്മായ പങ്കാളിത്തം ഉറപ്പാക്കുവാനുള്ളതാണിത്. അതിന്റെ ആഗോളതല സജ്ജീകരണത്തിന്റെ പൂർത്തി ഒരു ആഗോള മെത്രാൻ സമ്മേളനത്തോടെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. പോപ്പ് ഫ്രാൻസിസ് ഈ സമ്മേളനം 2023 ഒക്ടോബറിൽ എന്ന് പ്രഖ്യാപിച്ച് വളരെ വിശദവും വ്യവസ്ഥാപിതവുമായ ഒരു തയ്യാറെടുപ്പ് നടത്തുന്നു. എന്നാൽ ശ്രദ്ധേയമായ ചില കാരണങ്ങളാൽ ഈ സമ്മേളനം ഒരു വർഷം കൂടി നീട്ടിവച്ചിരിക്കയാണ് ഇപ്പോൾ. ഈ തയ്യാറെടുപ്പിനെക്കുറിച്ചും അതിന്റെ ആഗോള മെത്രാൻ സിനഡിന്റെ നീട്ടിവയ്ക്കൽ കാരണങ്ങളെക്കുറിച്ചും അല്പം നാം അറിഞ്ഞിരിക്കുന്നത് നല്ലതാണ്. 2023-ൽ കൂടുവാൻ ആഗ്രഹിച്ച് 2024 ഒക്ടോബറിലേക്ക് മാറ്റിയിരിക്കുന്ന ആഗോള സിനഡിന്റെ വിഷയം, “For a synodal Church: Communion, participation and mission” (ഒരു സിനഡൽ സഭയ്ക്കായിട്ട്; കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം) എന്നാണ്. ഈ വിഷയത്തെ ആസ്പദമാക്കി വളരെ വിശദമായി, ഇടവകതലം, രൂപതാതലം, അതിരൂപതാതലം മുതലായിടങ്ങളിൽ ക്ലിപ്തമായ രൂപരേഖയോടെ പഠനങ്ങളും, അഭിപ്രായ ശേഖരണങ്ങളും, ചർച്ചാസമ്മേളനങ്ങളും നടത്തുവാൻ ധാരാളം പഠനസാമഗ്രികൾ തയ്യാറാക്കി. അതു കുറച്ചൊക്കെ പുരോഗമിച്ചപ്പോൾ ഒരു കാര്യം വ്യക്തമായി. ഉദ്ദേശിച്ചതുപോലെ ആഗോള സമ്മേളനം 2023-ൽ നടത്തുവാൻ കഴിയില്ല, അഥവാ ഒരുക്കം അന്നത്തേക്കു പൂർത്തീകരിക്കാൻ സാധ്യമല്ല. അങ്ങനെ ഇതുവരെ ഉപേക്ഷിച്ചിട്ടില്ല എങ്കിലും, നീട്ടിവയ്ക്കുവാൻ ഇടയായതിന്റെ രണ്ടു കാരണങ്ങൾ വ്യക്തമാണ്. ഒന്ന്, സിനഡൽ രീതിയും ജനപങ്കാളിത്തവും എന്നു തുരുതുരാന്ന് പറയുകയല്ലാതെ കാര്യമായിട്ടൊന്നും നടക്കാൻ പോകുന്നില്ല എന്ന മുൻവിധിയാൽ ജനങ്ങളുടെ ഭാഗത്തുനിന്നുള്ള പങ്കാളിത്തക്കുറവ്. രണ്ട്, ജനപങ്കാളിത്തം കൂടിവന്നാൽ, നിവിലിരിക്കുന്ന അധികാരവ്യവസ്ഥിതിക്ക് മാറ്റം വരുത്തേണ്ടി വരും എന്ന ഭയം മൂലം “ഏകനായകത്വം” പരിചയിച്ച മെത്രാന്മാരുടെയും വൈദികരുടെയും ഉത്സാഹക്കുറവ്. ഫ്രാൻസിസ് മാർപാപ്പാ നിശ്ചയദാർഢ്യത്തോടെ മുന്നോട്ടാ

ണെങ്കിലും, എന്തായിത്തീരും എന്നത് പ്രവചനാതീതമാണ്. ഒരു കാര്യം ഇതിൽകൂടെ എല്ലാ സഭകൾക്കും പഠിക്കുവാനുണ്ട്. അതായത്, അകലം പാലിക്കുന്ന വ്യാധി അണയണമെങ്കിൽ, വിശ്വാസം നേടിയെടുത്ത് അടുത്തു ചെന്നേ പറ്റൂ; താഴ്മ ധരിച്ചേ പറ്റൂ; സുതാര്യമായേ പറ്റൂ; കഠിനാധ്വാനം ചെയ്താലേ പറ്റൂ; ദൈവത്തോട് അടുത്തു ചെന്നേ പറ്റൂ.

അടുത്തതായി, നമ്മുടെ വൈദിക ശുശ്രൂഷയുടെ പശ്ചാത്തലത്തിൽ, ഈ അടുത്തുചെല്ലലിന് അനിവാര്യമായ ഏതാനും മേഖലകളെക്കുറിച്ചും കൂടെ പരാമർശിച്ചിട്ട് ഞാൻ അവസാനിപ്പിക്കാം.

1. ഇടവകകളിൽ, പ്രായത്തിൽ മുതിർന്ന ആളുകൾക്കായുള്ള പ്രത്യേക കരുതൽ.

2. റിട്ടയർ ചെയ്ത വൈദികരെക്കുറിച്ചുള്ള കരുതൽ.

3. ഇടവകകളിൽ നിന്ന് പഠനത്തിനായും തൊഴിലിനായും പുറത്തുപോയിരിക്കുന്ന പ്രവാസികളെക്കുറിച്ചുള്ള കരുതൽ.

4. ആധുനിക ജീവിതസാഹചര്യങ്ങളിൽ പ്രത്യേക അതിജീവന വിഷയങ്ങളിലുള്ള ഇടപെടൽ.

5. "വികസന" കാഴ്ചപ്പാടിന്റെ പുനർവിചിന്തനം.

6. ഇടവകയുടെ "വെർച്വൽ" (ഓൺലൈൻ-ഡിജിറ്റൽ) സാന്നിധ്യം.

7. ചട്ടപ്പടി സംവിധാനത്തിൽ നിന്ന് "കാരിസ്മാറ്റിക്" സംവിധാനത്തിലേക്ക്.

### 1. പ്രായത്തിൽ മുതിർന്ന ആളുകൾക്കായുള്ള പ്രത്യേക കരുതൽ

ഒരർത്ഥത്തിൽ പറയട്ടെ: ഇനിയുള്ള കാലം പ്രായത്തിൽ മുതിർന്നവരുടെ, സീനിയർ സിറ്റിസൺസിന്റെ കാലമാണ്, വീടുകളിൽ അവരേ കാണൂ. പള്ളികളിൽ അവരായിരിക്കും ഭൂരിപക്ഷവും. ജനസംഖ്യാപരമായ ഒരു പുതിയ മാറ്റത്തിന്റെ കാലഘട്ടത്തിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞു. Demographic Transition എന്ന് ഇംഗ്ലീഷിൽ പറയും. Change from high fertility and mortality to low fertility and mortality. ജനനനിരക്കും മരണനിരക്കും വളരെ കുറയുന്ന കാലഘട്ടം എന്നു സാരം. കേരളത്തിലെ കാര്യം എടുത്താൽ, സെൻസസ് കണക്കനുസരിച്ച് ആകെ ജനസംഖ്യ 3 കോടി 34 ലക്ഷമാണെങ്കിൽ, അതിൽ 42 ലക്ഷം മുതിർന്ന പൗരന്മാരാണ്. അവരിൽ 58% 60-നും 69-നും ഇടയ്ക്കും, 29% 70-നും 79-നും ഇടയ്ക്കും, 13% 80 വയസ്സിൽ കൂടുതലും, ആയവരാണ്. കേരളത്തിലെ പ്രവാസികളുടെ എണ്ണം കൂടി പരിഗണിച്ചാൽ, 8 പേരിൽ ഒരാൾ മുതിർന്ന പൗരനാണ്. ഈ നിരക്ക് ഓരോ വർഷവും കൂടിക്കൊണ്ടിരിക്കുന്നു. ഇതിന് അനുസൃതമായ സൂചനകൾ നമ്മുടെ ഇടവക ജീവിതത്തിലുണ്ട് എന്നതിനാൽ, വൈദിക ശുശ്രൂഷയുടെ ഇന്നത്തെ ഏറ്റവും വലിയ സാധ്യതാ വെല്ലുവിളി മേഖലയാണിത്. "സാധ്യത"യെന്നു പറയുമ്പോൾ പ്രധാനമായും കർമ്മ, വിഭവ ശേഷികളുടെയാണ്. എഴുപത് എഴുപത്തഞ്ചു വയസു വരെയെങ്കിലും ജോലികൾ ചെയ്വാനും, യാത്രയ്ക്കും, പള്ളിയിൽ ആരാധനയ്ക്കും ആത്മീയ പ്രവർത്തനത്തിനും അവർക്കു സാധിക്കുന്നു. അവരിൽ പലരും കേരളത്തിലെ സാമ്പത്തിക ചുറ്റുപാടിൽ അല്ലലില്ലാതെ കഴിയാവുന്നവരും ആണ്. അവരുടെ പ്രവർത്തനശേഷി, പരിചയസമ്പത്ത്, സമയം, മറ്റു സാധ്യതകൾ, ഇടവകയുടെ പൊതുജീവിതവുമായി ബന്ധിപ്പിക്കാൻ സന്മനസും ഉള്ളവരായിരിക്കും. അവരെ ഇടവകയുടെ മുഖ്യധാരയിൽ നിന്ന് ഒഴിവാക്കാതെ, ചേർത്തുപിടിച്ച് പ്രയോജനപ്പെടുത്തുക എന്ന വൈദിക ശുശ്രൂഷാ സാധ്യത സഭ മുഴുവനായി ഗൗരവതരമായിട്ടെടുക്കേണ്ടിയിരിക്കുന്നു. ചുരുക്കം ചിലരിൽ നിന്നുണ്ടാവുന്ന "തലവേദന"കൾ ഓർത്ത് മാറിനിൽക്കാതെ, ഭൂരിഭാഗത്തിന്റെയും ഭക്തിയുള്ള ജീവിതവും, മറ്റു സാധ്യതകളും കണക്കിലെടുത്ത് അവരെ ഉപയോഗപ്പെടുത്തുവാൻ ഒരുപക്ഷെ പുതുമയുള്ളതും, പ്രയോജനകരവുമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ പറ്റും.

മുതിർന്നവരുടെ വിഷയം ഒരു സാധ്യതയിൽ നിന്ന് വെല്ലുവിളിയിലേക്ക് മാറുന്നത് അവരുടെ ജീവിതസായാഹ്നങ്ങളിലാണ്. ഒറ്റയ്ക്കും, ദമ്പതികളായും വീടുകളിൽ കഴിയേണ്ടിവരുന്ന ഒരു വാർദ്ധക്യഘട്ടത്തിൽ, ചിലർക്ക് സാമ്പത്തിക സൗകര്യമുണ്ടെങ്കിലും മക്കളോ അടുത്ത ബന്ധുക്കളോ അവരുടെ ദൈനംദിന കാര്യങ്ങളിൽ ശ്രദ്ധിക്കുവാൻ കഴിയാതെ വരുന്ന അവസ്ഥ ഉണ്ടാകും. "മക്കളെ പറഞ്ഞുവിട്ടിട്ടല്ലേ, അനുഭവിക്കട്ടെ; പണമുണ്ടല്ലോ കൊടുത്തു തീർക്കട്ടെ" എന്നു പറയുന്നവർ ഉണ്ടാകാം. പക്ഷെ, അങ്ങനെ പറഞ്ഞൊഴിയുന്നത് ക്രൂരമാണെന്നോർക്കണം. മക്കൾ സുഖിക്കാൻ വേണ്ടി പോയതല്ല, ജീവിക്കാൻ വേണ്ടി പോയതാണ്. അതു മൂലമുള്ള പ്രത്യേക പ്രയോജനം ഇടവകയ്ക്കു കിട്ടുന്നുമുണ്ടാകാം. മറ്റു ചില മുതിർന്നവർക്ക് സാമ്പത്തികമായിത്തന്നെ ബുദ്ധിമുട്ടും, മറ്റ് ദുരവസ്ഥകളും കാണും. മുതിർന്നവരെ ചൂഷണം ചെയ്യാത്തതും, സുരക്ഷയും കരുതലും ഉറപ്പാക്കുന്നതുമായ, ഒരു 'കരുതൽ' പദ്ധതി ഇടവകയ്ക്കുണ്ടെങ്കിൽ അതിന് ചില നല്ല വശങ്ങൾ ഉണ്ട്. ഒന്ന്, അതിൽ വലിയ ആർത്തിയില്ലാതെ സേവനമനോഭാവത്തോടെ പ്രവർത്തിക്കാൻ ഇളം മുറക്കാരായ മുതിർന്നവരുടെ സാന്നിദ്ധ്യം ഉണ്ടാകും. അതിനായി വിദേശങ്ങളിൽ ഉള്ളതുപോലെ "Chain Service Banking" ഓരോ പ്രദേശത്തിനു അനുസൃതമായി ആവിഷ്ക്കരിക്കാൻ പറ്റും. മറ്റൊരു നല്ല വശം, ഇങ്ങനെയുള്ള കരുതൽ പരിപാടിക്ക് കൂടുതൽ മാന്യതയും, വിശ്വാസ്യതയും ഉള്ളതുകൊണ്ട് സാമ്പത്തികമായി ബുദ്ധിമുട്ടേണ്ടി വരികയില്ല. മുതിർന്നവരുടെ മക്കളും, അഭ്യുദയകാംക്ഷികളും കൃത്യമായി പിന്തുണയ്ക്കാൻ ഉണ്ടാകും. മറ്റൊരു നല്ല വശം, കിടപ്പുരോഗികൾ പോലുള്ളവർക്ക് സഹായിയായി പ്രത്യേക പരിശീലനം നൽകി വേതനത്തോടെ നിയോഗിക്കുവാൻ ഒരു പരിപാടി ഉണ്ടാകുമ്പോൾ തൊഴിൽപരമായിത്തന്നെ ഒരു പുതിയ മേഖല ഇടവകയിൽ തുറക്കുകയാണ്. ഇപ്രകാരം ഒരു കരുതൽ പദ്ധതി നന്നായിട്ടു പ്ലാൻ ചെയ്ത്, ശുശ്രൂഷകർക്ക് ട്രെയിനിംഗും, ശുശ്രൂഷയിൽ സേവനമനോഭാവവും, ശുശ്രൂഷകർക്ക് വേതനവും, ഗൃഹപരിപാലനം, രോഗീപരിചരണം, മരണത്തിനു മുമ്പും പിമ്പുമുള്ള ശുശ്രൂഷകളും ഒക്കെ ക്രോഡീകരിക്കാൻ സാധിച്ചാൽ അത് ഇടവക ശുശ്രൂഷയ്ക്ക് ഒരു പുതിയ മാനം നൽകും തീർച്ച.

### 2. റിട്ടയർ ചെയ്ത വൈദികനെക്കുറിച്ചുള്ള കരുതൽ

സഭാശുശ്രൂഷയിൽ നാലും, അഞ്ചും അതിലധികവും പതിറ്റാണ്ടുകൾ പൂർത്തീകരിച്ച് വിരമിച്ച വൈദികരെക്കുറിച്ച് നമുക്ക് ഒരു കരുതൽ വേണ്ടേ? ഇക്കാര്യത്തിൽ ശുശ്രൂഷയിലിരിക്കുന്ന വൈദികർക്കല്ലേ ഒരു ശ്രദ്ധ വേണ്ടത്? "ഇന്നു ഞാൻ നാളെ നീ" എന്ന കവിവചനം ഇവിടെയും പ്രസക്തമല്ലേ? അവരിൽ പലരും വൈദിക ശുശ്രൂഷ നിർവ്വഹിച്ച സ്ഥലകാലങ്ങൾ ഒത്തിരി പരിമിതികൾ ഉള്ളതായിരുന്നു. പള്ളികളുടെയും പാഴ്സനേജിന്റെയും ഇല്ലായ്മയും, വല്ലായ്മയും, യാത്രാസൗകര്യങ്ങളുടെ പരിമിതികൾ, പ്രതിമാസ വേതനത്തിന്റെ അപര്യാപ്തത - ഇതിനെ ഒക്കെ അതിജീവിച്ച്, ദൈവകൃപയാൽ മിക്കയിടങ്ങളിലും മനോഹര ദേവാലയങ്ങളും അനുബന്ധ കാര്യങ്ങളും അവർ സജ്ജീകരിച്ചിട്ടാണ് വിരമിച്ചിരിക്കുന്നത്. അവർക്ക് വേണ്ടത് ഇന്നും സാമ്പത്തികമാണെന്നു തോന്നുന്നില്ല. അതിലുമുപരി ഒരു കരുതലാണ്.

വിശ്രമജീവിതം ആണെങ്കിലും, ഞായറാഴ്ചകളിലും മാറാനായ പെരുനാളുകളിലും ഒക്കെ അവർ ഇടവകപ്പള്ളികളിലോ മറ്റു പള്ളികളിലോ ആരാധനയിൽ പങ്കെടുക്കുന്നു. വികാരിമാർ അവരെ ബഹുമാനിക്കയും ശുശ്രൂഷകളിൽ പങ്കെടുപ്പിക്കയും ചെയ്യുന്നുമുണ്ടായിരിക്കും. പക്ഷെ തുടർച്ചയായി ഇങ്ങനെ ആവേണ്ടി വരുമ്പോൾ സ്വല്പം ചില ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നു. ഒരു അധികപ്പറ്റായ പ്രതീതി അകത്തും പുറത്തും ഉണ്ടാകുമ്പോൾ, ഒരു നിഷ്പ്രയോജനത്തിന്റെയും മാനസികമായ സമ്മർദ്ദത്തിന്റെയും വക്കിലായിപ്പോകുന്നു. പലർക്കും വി. കുർബ്ബാനയും ശുശ്രൂഷകളും നടത്തുവാൻ ആരോഗ്യമുണ്ട്; പലർക്കും പ്രബോധനപരമായി പലതും നിർവ്വഹിക്കുവാൻ കഴിയും; പ്രധാനമന്ത്രിയുടെ ഭാഷയിൽ "ആത്മനിർഭരത"യോടെ അവർക്ക് പ്രവർത്തിക്കുവാൻ ഇന്ന് ഒരു പ്രവർത്തന സരണിയില്ല. ഭരണപരമായ വികാരിത്തം ഒഴിച്ച് അവർക്ക് ഇടവക മെത്രാപ്പോലീത്തന്മാരുടെ നിയന്ത്രണത്തിൽ നേരിട്ട് ചെയ്യാവുന്ന ശുശ്രൂഷകളുടെ അവസരങ്ങൾ സൃഷ്ടിക്കുന്നതു മൂലം ഭദ്രാസനങ്ങൾക്ക് വലിയ സാമ്പത്തിക ഭാരങ്ങൾ ഒന്നും ഉണ്ടാകേണ്ടതായി വരില്ല. വിശദീകരണം ഒഴിവാക്കിക്കൊണ്ട് ഒരു ആറു സംഗതികൾ നിർദ്ദേശിക്കട്ടെ:

i. ആശ്രമദേവാലയങ്ങൾ, കോൺവെന്റുകളുടെ ചാപ്പലുകൾ, ഭദ്രാസനാസ്ഥാന ദേവാലയങ്ങൾ, നിലവിൽ നാലു തവണ കുർബ്ബാനയില്ലാത്ത ചാപ്പലുകൾ, മുതലായവയിൽ വി. കുർബ്ബാന, മറ്റു ശുശ്രൂഷകൾ, ധ്യാനയോഗങ്ങൾ എന്നിവയ്ക്ക് റിട്ടയർ ചെയ്തവർക്ക് അത്മാഭിമാനത്തോടെ നടത്താവുന്ന വ്യവസ്ഥാപിത അവസരങ്ങൾ ഉണ്ടാക്കുക.

ii. റിട്ടയർ ചെയ്ത വൈദികർക്ക് തമ്മിൽ കൂട്ടായ്മ വർദ്ധനവിനായി ക്രമമായ കൂടിവരവുകൾ ഭദ്രാസനാസ്ഥാനങ്ങളിലോ, മാറിമാറി ഓരോരുത്തരുടെ ഭവനങ്ങളിലോ സജ്ജീകരിക്കുക.

iii. റിട്ടയർ ചെയ്തവരിൽ, പ്രബോധന ശുശ്രൂഷയ്ക്ക് പ്രാവീണ്യം ഉള്ള വരെ വിവിധ ദേവാലയങ്ങളിൽ ക്ഷണിച്ച് ഉപയോഗിക്കുക.

iv. റിട്ടയർ ചെയ്തവരിൽ ചിലർക്ക്, ജൂണിയർ അച്ചന്മാരെ ഗുരു-ശിഷ്യബന്ധരൂപത്തിൽ സഹായിക്കുവാൻ കഴിയും. ഇത്തരത്തിൽ പരസ്പരം സ്നേഹാരൂപിയിൽ പ്രവർത്തിക്കുവാൻ സാധിക്കുന്ന ജൂണിയർ അച്ചന്മാരുടെ ആവശ്യപ്രകാരം ചില ഇടവകകളിൽ "Vicar Emeritus" സ്റ്റാറ്റസിൽ റിട്ടയർ ചെയ്ത ചിലർക്ക് അഭിമാനത്തോടെ പോകുവാനും പ്രവർത്തിക്കുവാനും കഴിയും.

v. റിട്ടയർ ചെയ്തവർക്ക്, തങ്ങൾ ശുശ്രൂഷിച്ച ദേവാലയങ്ങളിൽ വർഷത്തിൽ ഒരിക്കലെങ്കിലും ക്ഷണിക്കപ്പെട്ട്, സാധിക്കുമെങ്കിൽ വി. കുർബ്ബാന ചൊല്ലി, പ്രായോഗികമെങ്കിൽ മുമ്പ് തന്നോടൊത്ത് പ്രവർത്തിച്ച് രോഗികളോ വാർദ്ധക്യത്തിലോ ആയിരിക്കുന്നവരെ സന്ദർശിക്കുവാൻ അവസരം ഉണ്ടായാൽ വർഷത്തിൽ ചുരുങ്ങിയത് പത്തു ഞായറാഴ്ചകളിലെങ്കിലും അവർക്ക് ആത്മഹർഷ ദിവസങ്ങളായിരിക്കും.

**3. ഇടവകാംഗങ്ങളായ പ്രവാസികളെക്കുറിച്ചുള്ള കരുതൽ**

ഇതുവരെ, പ്രവാസികൾ ആവശ്യപ്പെടുന്ന അടിയന്തിര സേവനമാണ് വൈദിക ശുശ്രൂഷയിൽ നിർവ്വഹിച്ചിരുന്നതെങ്കിൽ, ഇനിയും അവർക്കായി കൂടുതൽ വ്യവസ്ഥാപിതവും വിശദവുമായ ഒരു ശുശ്രൂഷാവാതിൽ തുറക്കപ്പെടുവാനുണ്ട്. അതായത് വിദ്യാഭ്യാസത്തിനും തൊഴിലിനുമായി പുറത്തേക്കു പോകുന്നവരെ extended-parish ആയി കരുതേണ്ടിയിരിക്കുന്നു. അതിനായി അവരെ സംബന്ധിച്ചുള്ള updated Data, അവരുമായി ആശയവിനിമയ സ്ഥിരം സംവിധാനം, അവരുടെ പ്രവാസി വികാരിമാരുമായുള്ള സമ്പർക്കം, പ്രവാസികളുടെ നാട്ടിലുള്ള മുതിർന്നവരെയും മറ്റു കുടുംബാംഗങ്ങളെയും സംബന്ധിച്ചുള്ള വിവരം, അന്വേഷണം, പ്രവാസികൾക്ക് ഉണ്ടാകുന്ന അടിയന്തിര ആവശ്യങ്ങളെക്കുറിച്ചുള്ള പരിഗണന മുതലായതു പലതും ശ്രദ്ധിക്കേണ്ടതായി വരും. 'പ്രവാസി' എന്നു പറഞ്ഞാൽ ഇടവകയുടെ കറവപ്പശു എന്ന കാഴ്ചപ്പാടു മാറ്റിയെടുക്കുന്ന ബോധപൂർവ്വമായ ഒരു സമീപനം പ്രാധാന്യമർഹിക്കുന്നു. പ്രവാസികൾക്ക് തങ്ങളുടെ പ്രിയപ്പെട്ടവരായി നാട്ടിലുള്ളവരെക്കുറിച്ചും, നാട്ടിലുള്ളവർക്ക് പ്രവാസികളെക്കുറിച്ചും ഉള്ള പരസ്പരാകുലതയെക്കുറിച്ച് ആത്മാർത്ഥമായി അവബോധമുള്ള ഒരു വൈദികശുശ്രൂഷ വിശുദ്ധിയുടെ കൈത്താങ്ങലായി മാറും.

**4. ആധുനിക ജീവിതസാഹചര്യങ്ങളിൽ പ്രത്യേക അതിജീവന വിഷയങ്ങളിലുള്ള ഇടപെടൽ**

ആധുനിക സാഹചര്യത്തിൽ, പ്രത്യേക അതിജീവന വിഷയങ്ങൾ പലതും ഉണ്ട്. അവയിൽ ചിലതാണ്, പരിസ്ഥിതി പരിപാലനം, ശുദ്ധജല സ്രോതസ് സംരക്ഷണം, ജൈവകൃഷി, കാർഷിക വിഭവ കൈകാര്യം, സൗരോർജം, മാലിന്യസംസ്കരണം മുതലായവ. പരിപാലനത്തിനായി ദൈവം നമ്മെ ഭരമേല്പിച്ച പ്രകൃതിയിൽ ഒരുടമസ്ഥതാഭാവത്തിനു പകരം, കാര്യസ്ഥതാ മനോഭാവം രൂപീകരിക്കണമെന്ന് നമുക്കറിയാം. ഇക്കാര്യത്തിൽ പള്ളിപ്പുരയിടം മുതൽ ഇടവകാംഗങ്ങളുടെയും ബന്ധപ്പെട്ട സമൂഹത്തിന്റെയും അധിവാസമേഖല മുഴുവൻ കോർത്തിണക്കുന്ന പരിസ്ഥിതി സൗഹൃദ ഇടപെടലുകൾക്ക് വളരെ പ്രസക്തിയുണ്ട്. ചിലയിടങ്ങളിൽ ഇപ്പോൾതന്നെ നടപ്പിലായിരിക്കുന്ന ചില സംഗതികൾ പരാമർശിക്ക മാത്രം ചെയ്യട്ടെ:

i. തുണികൊണ്ടുള്ള ചെറുതും വലുതുമായ ഷോപ്പറുകൾ വിതരണം ചെയ്ത് പ്ലാസ്റ്റിക് ഒഴിവാക്കൽ യജ്ഞത്തിൽ പങ്കുചേരുക.

ii. ശുദ്ധജല സ്രോതസ്സുകളെങ്കിലും ഉപയോഗവും പരിപാലനവും കുറഞ്ഞുപോയതുമായ കിണറുകൾ, കുളങ്ങൾ മുതലായവയെ വൃത്തിയാക്കി പരിപാലിക്കുകയും ഉപയോഗിക്കുകയും ചെയ്യുക.

iii. ഇപ്പോൾതന്നെ സബ്സിഡി സ്കീമുകളായിട്ടുള്ള മഴവെള്ള സംഭരണികൾ, കുക്കിങ്ങ് ഗ്യാസ് പ്ലാന്റുകൾ, സോളാർ വൈദ്യുതി പ്ലാന്റുകൾ മുതലായവയ്ക്ക് പ്രചാരം നൽകുക.

iv. കൃഷിയോഗ്യമായതെങ്കിലും, കൃഷി നടക്കാത്തതുമായ ഭൂമിയിൽ കൃഷി ചെയ്യുകയും, ഉല്പന്നങ്ങൾ വിപണനം ചെയ്യുകയും ചെയ്യുന്ന സംരംഭങ്ങളുടെ പ്രചാരം.

v. മാലിന്യ സംസ്കരണത്തിനുള്ള ലളിതവും ഫലപ്രദവുമായ മാർഗ്ഗങ്ങളുടെ പ്രചാരം.

ഇതുവരെ, ഇടവകശുശ്രൂഷയോടു ചേർത്ത് വ്യക്തിപരമായ താല്പര്യപ്രകാരം മാത്രം നടന്നിട്ടുള്ള ഇവയും ഇവപോലെയുള്ള പരിപാടികളും, ഇനിയും അവശ്യപരിപാടികളായി മാറുന്ന ഒരു മാറ്റത്തിന്റെ കാഴ്ചയാണ് നമുക്കു വേണ്ടിയിരിക്കുന്നത്.

**5. വികസന കാഴ്ചപ്പാടിന്റെ പുനർ വിചിന്തനം**

ഇന്ന് നമ്മുടെ ഇടവകകൾ പലതും സമ്പന്നമാണ്. പക്ഷെ "വികസന കാഴ്ചപ്പാടിൽ" വളരെ ദരിദ്രവും സങ്കുചിതവും എന്ന് പറയാതെ വയ്യ. ബജറ്റും, നിർമ്മാണ പ്രവർത്തനങ്ങളുമാണ്, വികസനത്തിന്റെ അടയാള സൂചികകൾ. ഓരോ വികാരിയും പ്രാഗത്ഭ്യം തെളിയിക്കാൻ നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തി, പണം പിരിച്ച് പൂർത്തീകരിക്കുന്ന കാഴ്ച ഒരു വശത്ത്. വികാരിയുടെയും ഭരണസമിതിയുടെയും കഴിവും കഴിവുകേടും, ബജറ്റിലെ വരുമാന വർധനവും പള്ളിപ്പറമ്പിലെ നിർമ്മാണ പ്രവർത്തനവും തീരുമാനിക്കുന്നു എന്ന മുൻവിധി മറുവശത്ത്. ഇതിനായി വികാരിയുടെ 'റോൾ' അടിസ്ഥാനപരമായി ഭരണകർത്താവിന്റേതായി മാറ്റപ്പെടുന്നു. "വികസനം", നിർമ്മാണ പ്രോജക്ടുകളിൽ നിന്ന് മാറി, അവശ്യ സേവന പ്രോഗ്രാമിലേക്ക് (A shift from 'project' to 'program') പുനർവിചിന്തനം ചെയ്യുന്ന സാധ്യതയും അതിന്റേതായ വെല്ലുവിളിയും ഇന്നത്തെ വൈദിക ശുശ്രൂഷയുടെ പരിഗണനയ്ക്കു വന്നേ പറ്റൂ.

**6. ഇടവകയുടെ "വെർചൽ" (ഓൺലൈൻ-സൈബർ) സാന്നിധ്യം**

ഇടവകയുടെ ശുശ്രൂഷകൾ, കോവിഡ് കാലത്ത് ഓൺലൈൻ-സൈബർ മാധ്യമങ്ങളിൽ കൂടി "വെർചൽ" ആക്കുവാൻ നാം നിർബന്ധിതരായിരുന്നു. അതിന് ഇന്ന് കുറെ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുമ്പോൾ തന്നെ ഒരു കാര്യം വ്യക്തമാകുന്നുണ്ട്; ഇടവകയുടെ "വെർചൽ" സാന്നിധ്യം പല മേഖലകളിലും തുടരേണ്ടിയിരിക്കുന്നു എന്ന്. പക്ഷെ ഇടവകയ്ക്കായി ഇടവകയുടെ ബോധനപരിപാടികളും ആത്മീയ ശുശ്രൂഷകളും കോവിഡ് കാലത്ത് കൈകാര്യം ചെയ്തതിനെക്കാൾ സാങ്കേതികമായി പ്രൊഫഷണൽ ആക്കി കൈകാര്യം ചെയ്യേണ്ടത് അനിവാര്യമാണ്. സാങ്കേതിക അപൂർണ്ണതകൊണ്ട്, പല വെർചൽ സംരംഭങ്ങളും ഹാജർ കിട്ടാതെ പോകുന്നു. ഇവിടെ സാങ്കേതിക മികവിന്റെ ആവശ്യകതയിലേക്കും, വെർചൽ അജണ്ടായുടെ വിവേചനാവശ്യത്തിലേക്കും, വൈദിക ശുശ്രൂഷയുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

**7. "ചട്ടപ്പടി" സംവിധാനത്തിൽ നിന്ന് "കാരിസ്മാറ്റിക്" സംവിധാനത്തിലേക്ക്**

വൈദിക ശുശ്രൂഷയുടെ ദശാബ്ദങ്ങളായി തുടരുന്ന ഒരു "ചട്ടപ്പടി" സംവിധാനം, പിതാക്കന്മാർ ഏല്പിച്ച പാരമ്പര്യമായി നമ്മുടെയിടയിൽ നിലനിൽക്കുന്നുണ്ട്. പണ്ട് അതിനോടു ചേർന്ന്, ഒരു "കാരിസ്മാറ്റിക്" സ്പർശം കൂടി ഉണ്ടായിരുന്നതിന്റെ തെളിവാണ്, പരിശുദ്ധ പരുമല തിരുമേനിയുടെയും മറ്റും ശുശ്രൂഷാമഹത്വം. ഇവിടെ കാരിസ്മാറ്റിക് എന്ന പദം ഉപയോഗിച്ചിരിക്കുന്നത്, പരുമല തിരുമേനിയുടെ സ്വന്തം കല്പന ഭാഷയിൽ "ഇളക്കംതട്ടി പീപ്പിളിന്റെ" ശൈലിയെക്കുറിച്ചല്ല. "നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു" (1 കൊരി. 9:16) എന്നും, "സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല" (റോമ. 1:16) എന്നും, "എനിക്കു ദിവസേന സർവ്വ സഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്" (2 കൊരി. 11:28) എന്നും, മറ്റുള്ളവരിൽ ക്രിസ്തു ഉളവാകുന്ന ഒരു പ്രസവവേദന (ഗലാ. 4:19, 20) തനിക്കുണ്ടെന്നും, "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി. 4:13) എന്നും ഒക്കെ പ. പൗലൂസ് ശ്ലീഹാ എഴുതിയതിന്റെ പിന്നിലെ ഒരു ആത്മസ്പർശം ഉണ്ടല്ലോ അതാണിവിടെ "കാരിസ്മാറ്റിക്" എന്നു വിശേഷിപ്പിച്ചത്. ഒപ്പന ഭാഷയിൽ അതിന് ഒരു "മൊഞ്ചുണ്ട്"; ബോക്സിങ്ങ് ഭാഷയിൽ അതിന് ഒരു "പഞ്ചുണ്ട്"; സ്റ്റാർസിംഗർ ഭാഷയിൽ അതിന് ഒരു 'സംഗതി' ഉണ്ട്. ആ ഒരംശം നിർഭാഗ്യവശാൽ കുറഞ്ഞുപോകയോ നഷ്ടപ്പെടുകയോ ചെയ്യുന്നതിന്റെ അടയാളങ്ങൾ നമുക്കുള്ളിലും നമുക്കു ചുറ്റും ധാരാളം ഉണ്ട്. ഇതുവരെ പറഞ്ഞ എല്ലാ കാര്യത്തിലും ഈ ഒരു കാര്യം ഏറ്റം പ്രധാനം എന്നു മാത്രം പറഞ്ഞുകൊണ്ട് ഉപസംഹരിക്കുന്നു.

(പരുമലയിൽ 2022 ഒക്ടോബർ 27-നു നടന്ന വൈദികസംഘം സോണൽ കോൺഫ്രൻസിൽ നടത്തിയ മുഖ്യ പ്രഭാഷണം)

◆

സഭാചരിത്രം

# മാർത്തോമ്മാ നാലാമന്റെ രണ്ടു കത്തുകൾ

ജോർജി എസ്. തോമസ്, ബാംഗ്ലൂർ

## മാർത്തോമ്മാ നാലാമൻ സുറിയാനി പാത്രിയർക്കീസിന് 1709-ൽ എഴുതിയ കത്ത് മലങ്കരയിൽ വെളിച്ചം കാണുവാൻ വഴിയൊരുങ്ങുന്നു.

കുറച്ചു പുറകിൽ നിന്ന് പറഞ്ഞു തുടങ്ങണം. യൂറോപ്പിലെ 450-ഓളം വർഷം പഴക്കമുള്ള ഒരു സർവ്വകലാശാലയാണ് നെതർലൻഡ്സിലെ ലീഡൻ സർവ്വകലാശാല. അവിടെ പൗരസ്ത്യ ഭാഷാ പണ്ഡിതനായി സേവനമനുഷ്ഠിച്ചിരുന്ന ചാൾസ് ഷാഫിന് ആംസ്റ്റർഡാമിലെ അധികാരികൾ "ഇതെന്താണെന്ന് അറിയില്ല വായിച്ചു നോക്കാമോ" എന്നു പറഞ്ഞ് ഒരിക്കൽ ഒരു കത്തു കൈമാറുന്നു.

സംഭവം നടക്കുന്നത് 1709-ന് ശേഷമുള്ള ഒരു വർഷമാണ്. അദ്ദേഹം നോക്കിയപ്പോൾ ഇന്ത്യയിലെ ക്രൈസ്തവരുടെ തലവനായ മാർത്തോമ്മ (ലത്തീൻ ഭാഷയിൽ "മഹത്തോമെ" എന്ന "മഗ്നോ തോമ്മ") നാലാമൻ സുറിയാനി സഭയുടെ പാത്രിയർക്കീസിന് സുറിയാനിയിൽ എഴുതിയ കത്താണ്.

മാർത്തോമ്മാ നാലാമൻ 1709-ൽ എഴുതിയ ഈ കത്ത് കപ്പൽ മാർഗ്ഗം പാത്രിയർക്കീസിന് എത്തിക്കാൻ അദ്ദേഹം കൊച്ചിയിലെ ഡച്ചു കമാൻഡറെ ഏൽപ്പിച്ചിരുന്നു. അങ്ങനെയാണ് കത്ത് ആംസ്റ്റർഡാമിലെത്തുന്നത്.

കത്ത് പാത്രിയർക്കീസിന്റെ അടുക്കൽ എത്തിയില്ലെങ്കിലും ഷാഫ് അത് 1714-ൽ സുറിയാനിയിലും ലത്തീനിലുമായി പ്രസിദ്ധീകരിച്ചു.

### രണ്ടാമത്തെ കത്ത്

മാർത്തോമ്മാ നാലാമൻ 1720-ൽ വീണ്ടും പാത്രിയർക്കീസിന് കത്തെഴുതി. റോമാക്കാർ കൈവശപ്പെടുത്തിയതിനാൽ ആ കത്തും പാത്രിയർക്കീസിന് ലഭിച്ചില്ല.

ബഹുഭാഷാ പണ്ഡിതനായ അസ്സിമാനി പിന്നീട് ഈ കത്ത് പ്രൊപഗാണ്ടയുടെ ഗ്രന്ഥശേഖരത്തിൽ നിന്ന് കണ്ടെടുക്കുകയും സുറിയാനിയിലും ലത്തീനിലുമായി പ്രസിദ്ധികരിക്കുകയും ചെയ്തു. Christianity in Travancore എന്ന തന്റെ പുസ്തകത്തിൽ മക്കൻസി (Gordon Thomson Mackenzie) ആദ്യമായി ഈ കത്ത് പൂർണ്ണമായി ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയപ്പോഴാണ് മലങ്കര സഭാമക്കൾ ഈ കത്ത് വായിക്കാനിടയാകുന്നത്. നാഗം അയ്യ തന്റെ Travancore Manual ന്റെ രണ്ടാം വാല്യത്തിലും ഇത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പറവൂർ പട്ടണത്തിൽ നിന്നെഴുതിയ കത്തിൽ. ഇന്ത്യിലെ ഓർത്തഡോക്സ് സുറിയാനികളുടെ അഞ്ചാമത്തെ മെത്രാൻ എന്നാണ് മാർത്തോമ്മാ നാലാമൻ സ്വയം വിശേഷിപ്പിച്ചിരിക്കുന്നത്. ഇന്ത്യയുടെ വാതിൽ എന്നെഴുതി കത്തവസാനിപ്പിച്ചിരിക്കുന്നു.

അസ്സിമാനിയുടേയും മക്കൻസിയുടേയും ശ്രമഫലമായി 1720-ൽ എഴുതിയ കത്ത് മലങ്കരയിൽ പ്രസിദ്ധമായി. ഈ പിതാവ് 1709-ൽ കണ്ടനാട് മോർത്ത് മറിയം പള്ളിയിൽ നിന്ന് എഴുതിയ കത്ത് മലങ്കരയിൽ ഇത് വരെ പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിലും ക്ലോഡിയസ് ബുക്കാനനു വേണ്ടി ഇന്ത്യയിൽ നിന്ന് കിട്ടിയ കയ്യെഴുത്തു പ്രതികളുടെ നാമാവലി (catalogue) തയ്യാറാക്കാൻ സഹകരിച്ച തോമസ് യേറ്റ്സ് (Thomas Yeates) എന്ന ചരിത്രകാരൻ എഴുതിയ Indian Church History, or an Account of the First Planting of the Gospel, in Syria, Mesapotamia, and India (1818) എന്ന പുസ്തകത്തിൽ ഒരു വിവർത്തനം കൊടുത്തിട്ടുണ്ട്.

എന്നാൽ ഹോളണ്ടിൽ Charles Schaaf 1714-ൽ മാർത്തോമാ നാലാമൻ എഴുതിയ കത്ത് പ്രസിദ്ധീകരിച്ചപ്പോൾ അതിൽ താൻ തലേ വർഷം ഡിസംബറിൽ (കൃത്യമായി പറഞ്ഞാൽ 1713 December 20-ൽ) വലിയ തിരുമേനിക്ക്



സുറിയാനിയിൽ എഴുതിയ കത്തും ഉൾപ്പെടുത്തിയിരുന്നു. ഷാഫിന്റെ ആ കത്ത് മലങ്കരയിൽ ഇത് വരെ വെളിച്ചം കണ്ടിട്ടില്ല.

വളരെ വിലപ്പെട്ട വിവരങ്ങളാണ് ആ കത്തിന്റെ ഉള്ളടക്കത്തിലുള്ളത്. സുറിയാനിയുടെ പരിശുദ്ധി പ്രതിഫലിക്കുന്ന അങ്ങയുടെ കത്ത് ഒരു വിലയേറിയ പവിഴം പോലെ താൻ സൂക്ഷിക്കുന്നു എന്നാണ് ഷാഫ് എഴുതിയത്. മാത്രമല്ല ആ കത്ത് ഇവിടെയുള്ള പല പണ്ഡിതന്മാരെയും ആകർഷിച്ചതിനാൽ അങ്ങയുടെ കയ്യിലുള്ള സുറിയാനി തക്സകളും സുറിയാനിയിൽ തന്നെയുള്ള അടിസ്ഥാന വിശ്വാസ സംബന്ധമായ രേഖകളും കടലാസ്സു രൂപത്തിലോ കൈയെഴുത്ത് ചുരുൾ രൂപത്തിലോ ഉള്ളവ അയച്ചു തരേണമേ എന്ന അപേക്ഷയാണ് കത്തിൽ നാം കാണുന്നത്.

മാർത്തോമാ നാലാമൻ തുടർന്നും ഷാഫുമായി കത്തിടപാടുകൾ നടത്തിയിരുന്നതായി മക്കൻസി എഴുതിയിട്ടുണ്ട്. മക്കൻസിയും, നാഗം അയ്യയും പ്രദ്ധീകരിച്ച 1720-ലെ കത്തിൽ 'എന്റെ പ്രിയ സുഹൃത്ത്' എന്നാണ് അദ്ദേഹം ഷാഫിനെ വിശദീകരിച്ചിരിക്കുന്നത്. ഷാഫിന്റെ ആവശ്യപ്രകാരം തക്സകൾ കൂടാതെ സുറിയാനി വേദപുസ്തകവും അദ്ദേഹം ഡച്ചുകാരന് അയച്ചു കൊടുത്തിരുന്നോ എന്ന് സംശയിക്കാൻ ന്യായമുണ്ട്. കാരണം 1717-ൽ ഷാഫ് സുറിയാനിയിലും ലത്തീനിലുമായി പുതിയ നിയമം പ്രസിദ്ധീകരിച്ചു പ്രശസ്തനായി എന്നത് തന്നെ.

ആ പുസ്തകത്തെ പറ്റിയുള്ള ഇപ്പോഴുള്ള വിശദീകരണം എബ്രായ പണ്ഡിതൻ ജോഹാൻ ല്യൂസ്ഡൻ (Johann Leusden) തുടങ്ങി വച്ചതു ഷാഫ് പൂർത്തീകരിച്ചു എന്നാണ്. എന്നാൽ ല്യൂസ്ഡൻ എബ്രായ പണ്ഡിതനായിരുന്നു, സുറിയാനി പണ്ഡിതനായിരുന്നില്ല. മാത്രമല്ല അദ്ദേഹം 1699-ൽ മരണമടഞ്ഞിരുന്നു.

നാളിതു വരെ മലങ്കരയിൽ മാർത്തോമാ ആറാമൻ 1806-ൽ ക്ളോഡിയസ്

ബുക്കാനനു നൽകിയ പഴയ നിയമവും, പുതിയനിയമവും അടങ്ങിയ ആയിരം വർഷം പഴക്കമുള്ള വേദപുസ്തകത്തെ പറ്റി മാത്രമേ അറിവുള്ളൂ. ആ കൈയെഴുത്ത് ഇപ്പോൾ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ലൈബ്രറിയുടെ ബുക്കാനൻ കളക്ഷനിൽ സൂക്ഷിച്ചിരിക്കുന്നു. അതിൽ ഉൾപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് യേറ്റ്സ് തന്റെ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്.

എന്നാൽ മാർത്തോമാ നാലാമൻ ഷാഫിനു പുതിയ നിയമത്തിന്റെ കൈയെഴുത്ത് പ്രതി അയച്ചുകൊടുത്തിരുന്നോ എന്ന് സഭാചരിത്രകാരന്മാർ പരിശോധിക്കേണ്ടിയിരിക്കുന്നു.

ഇത്രയും വിവരങ്ങൾ ഇപ്പോൾ ലഭ്യമായത് എന്റെ കത്തിന് മറുപടിയായി ലീഡൻ സർവകലാശാലയിലെ സുറിയാനി പ്രഫസറായ മാർഗരേത്ത ഫോൽമെർ (Margaretha Folmer) സുറിയാനിയിലും ലത്തീനിലുമായി ഷാഫ് പ്രസിദ്ധീകരിച്ച 1709-ലെ കത്തിന്റെ ഡിജിറ്റൽ പതിപ്പ് എനിക്ക് അയച്ചു തന്നത് മൂലമാണ്. ആ ഭവതിയോടുള്ള നന്ദി ഇവിടെ അറിയിച്ചുകൊള്ളുന്നു.

ഈ രണ്ടു ഭാഷകളിലും പരിജ്ഞാനമുള്ള ഒന്നോ രണ്ടോ പേർ പരിശ്രമിച്ചാൽ കേവലം 35 പേജ് മാത്രമുള്ള 1709-ലെ ഈ കത്ത് അധികം ക്ലേശിക്കാതെ ഭാഷാന്തരം ചെയ്യുവാൻ സാധിക്കും. സഭാചരിത്രത്തിലേക്ക് അതൊരു മുതൽക്കൂട്ടായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

## Letter written by Marthoma IV (1720)

To my Lord Ignatius, Patriarch of Antioch,

I, the poor Mar Thomas, fifth bishop of the Syrians of India, write and send.

In the name of Him who is eternal and of necessity exists, Thomas, the humble bishop of the orthodox Syrians of the India of St. Thomas, to him who sits in the seat of the Pontif, holy and glorious and magnificent, upon the throne of the principality of Peter the Prince of the Apostles: whom Our Lord has called by his grace and by his mercy has collected and firmly made to sit. Most beloved Father of Fathers, and Pastor of Pastors, who bindest and loosest with thy power in the highest and in the lowest, holy and holily sanctifying and resplendent with the triumph of the Apostles: who rulest upon the glorious soil of Antioch, which is celebrated and lovely through all the four quarters of the world in the world to come. Amen. Because thou art Patriarch the head of the universal Church of Christ, as was ordered by the three hundred and eighteen Fathers who were assembled at Nicea, and the steward of the house of God, obtaining the whole order of the Apostolic Church: and forasmuch as thou dost worthily govern the sheep, which are in the Oriental flock, always introducing all the sheep of thy flock into the fold by the gate, and when of all perishes, thou dost vehemently grieve; but when thou dost see it again thou dost greatly rejoice. Our father, who wast elect in the abundant blessings of Sion. Therefore I wish thee to be as a vessel chosen to receive the grace of the most high God. I beseech, my Lord, that thou mayest bless me with thy right hand full of graces, and I shall hear whatever may be said or enjoined to me by thy benign month, and I subject myself to the power of thy paternity. Wherefore may god bless thy See for ever and ever. Amen.

Lord, I am not worthy to worthily write to thy greatness. But we write and we send letters because of the necessities of the othodox Syrians of India, and we pray that thou mayest send to us one Patriarch and one Metropolitan, and twin priests, who may be philosophers and may understand the interpretations of the holy and divine scriptures. Previously there came to our country Mar Gregory, the fifth Patriarch of Jerusalem, and after him Mar Andeas Alvaeus and after him came a certain Maphrian Mar Basil Catholicus and with him Mar John the Metropolitan and the Rabban Matthaeus.

Since their death we drift like a ship without a rudder. If thou wilt come and wilt come to us, then as God the Father promised to the sons of Israel, so may Jesus Christ, the Merciful and the Ruler, deal with you and so may the Holy Spirit the Paraclete console you. Amen.

In the year of our Lord one thousand seven hundred and nine, there came a Metropolitan by name Gabriel the Ninivite, whom Mar Elias Catholicus sent to me. But he held such a faith as that Christ had two natures and persons: and therefore we did not believe him, except a certain priest called Mathew Beticutel and a few Portuguese Roman Catholics (*paucos quosdam homines Francos Romanos*). We, however, have not wisdom that we may answer him. Therefore we report it to thee, our Lord.

Charles, a Dutch Doctor, an Orientalist of repute, a learned man and a proved philosopher, our dearest and most beloved companion, dwells in Amsterdam, the first city of Holland. He has advised us that we may proceed in this matter with one mind. We have written to him in order that this matter may be made known to Antioch; that you through the mercy of God may write one letter to the honourable Commandant who dwells in Cochin, which town is subject to the King of all India, and another letter to us; that it may bring help to us against our enemies and the infidel kings for ever: and that above all you will with the utmost care supplicate King Comphocius, who greatly honours the Dutch and is very illustrious among Kings. This King gives judgment in accordance with equity and receives the petitions of the poor and greatly honours all this nation. And all these honour Antioch and despise Rome: and they are right. Amen. My Lord, brilliant Ignatius, (*Domino mi Ignati ignee*) take action without delay and diligently look after all this business, forgetting no part of it, through the living God. Amen. Especially pray in order that we may obtain a blessing by your prayers. Pray to the beloved Father and the merciful Christ and the Holy Spirit the Protector, and the Virgin Mary, Mother of God, and the Saints. Amen.

In the year of the epoch of our Lord one thousand seven hundred and twenty, this epistle is written from Pharabur Patona, a church of St. Thomas the blessed Apostle, on the twentyfifth day of the month Elul (September). Amen. Our Father &c. The Gate of all India.

*Source: Christianity in Travancore by Gordon Thomson Mackenzie, Trivandrum, 1901, pp. 86-87.* ❑

## സഭാ തർക്കം സംബന്ധിച്ച വാർത്തകൾ അടിസ്ഥാനരഹിതം

കോട്ടയം: സഭാ തർക്കത്തിൽ സമാധാനം സ്ഥാപിക്കുന്നതിന് മുഖ്യമന്ത്രി മുൻകൈ എടുത്ത് ആരംഭിച്ച ചർച്ചകൾ സംബന്ധിച്ച് പ്രചരിക്കുന്ന വാർത്ത അടിസ്ഥാനരഹിതമെന്ന് മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ. മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ച് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചർച്ചകൾ പുരോഗമിക്കുകയും, ഇരുവിഭാഗങ്ങളുമായി ചർച്ച നടത്തുവാൻ അറിയിപ്പ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോടതി വിധി നടപ്പാക്കിയ പള്ളികളുടേത് ഉൾപ്പെടെ ചർച്ചക്ക് വരും എന്ന നിലയിൽ വാർത്തകൾ പ്രചരിക്കുന്നത് അടിസ്ഥാനരഹിതമാണ്. 2017-ൽ സുപ്രീംകോടതി വിധി നടപ്പിലാക്കിയ പള്ളികളുടെ കാര്യത്തിൽ പുനർചിന്തനം സംബന്ധിച്ച് ഇതുവരെ നടന്നിട്ടുള്ള ചർച്ചകളിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് നിർദ്ദേശം ഉണ്ടായിട്ടില്ല. വിധി നടപ്പിലാക്കിയ പള്ളികളുടെ കാര്യത്തിൽ ഇനിയൊരു ചർച്ചക്ക് പ്രസക്തിയില്ലെന്നും ബിജു ഉമ്മൻ പറഞ്ഞു.

## പ. കാതോലിക്കാ ബാവാ അനുമോദിച്ചു

കോട്ടയം: പശ്ചിമ ബംഗാൾ സംസ്ഥാനത്തിന്റെ പുതിയ ഗവർണറായി നിയമിതനായ ഡോ. സി. വി. ആനന്ദബോസിനെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അനുമോദിച്ചു.



**His Holiness Moran Baselios Marthoma Mathews III at Mar Gregorios Orthodox Church in Gandhinagar (Ahmedabad Diocese) on Thursday, November 17, 2022.**



**കേരള സൗത്ത് സോൺ അണ്ടർ 14 ക്രിക്കറ്റ് ടീമിലേക്ക് സെലക്ഷൻ ലഭിച്ച ജേക്കബ് ജിം കോശി. നേരത്തെ അണ്ടർ 14 പത്തനംതിട്ട ജില്ലാ ടീമിലേക്കും സെലക്ഷൻ നേടിയിരുന്നു. പന്തളം കുരമ്പാല സെന്റ് തോമസ് വലിയപള്ളി ഇടവകാംഗം.**



**മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കണ്ടനാട് ഈസ്റ്റ് മെത്രാസന ഭരണസമിതി (2022-27).**



**പുതിയ ഭദ്രാസന സെക്രട്ടറി: ഫാ. എബിൻ അബ്രാഹം.**

ഭദ്രാസന കൗൺസിൽ അംഗങ്ങൾ: ഫാ. മൂലാമറ്റത്തിൽ ജോൺ, ഫാ. ഏലിയാസ് ചെറുകാട്, തോമസ് വടകര, റെജി എം ജെ , അഡ്വ ജെയിംസ് നിരപ്പേത്തോട്ടം, എം ജെ ജോർജ്, ഇന്റേണൽ ഓഡിറ്റർമാർ: ജിജി പാലക്കുഴ, റോയി (ചാർട്ടേഡ് അക്കൗണ്ടന്റ്).



**മാൾട്ട ആർച്ച്ബിഷപ്പിന് ആദരവുകൾ അറിയിച്ച് മാൾട്ട മലങ്കര ഓർത്തഡോക്സ് കോൺഗ്രിഗേഷൻ. മഹാപൗരോഹിത്യ ശുശ്രൂഷയുടെ ദശാബ്ദി ആഘോഷിക്കുന്ന മാൾട്ട ആർച്ച് ബിഷപ്പ് ചാൾസ് ജൂഡ് സിക്ലുലാനാ പിതാവിന് മാൾട്ട സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് കോൺഗ്രിഗേഷൻ വികാരി ഫാ. വിവേക് വർഗീസ്, ട്രസ്റ്റി സിന്റോ സ്റ്റീഫൻ, സെക്രട്ടറി ആൽഫി ആൻഡ്രൂസ് എന്നിവർ സന്ദർശിച്ച് ആശംസകൾ അറിയിച്ചു. മാൾട്ടയിലെ മലങ്കരസഭയുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തു. മുൻപ് കേരളം സന്ദർശിച്ചുള്ള അദ്ദേഹം കേരളത്തെക്കുറിച്ചുള്ള ഓർമ്മകൾ പങ്കു വച്ചു.**



**ജയ്പൂർ മഹാത്മാ ജ്യോതി റാവൊ ഫൂലെ സർവകലാശാലയിൽ നിന്നും മാനേജ്മെന്റിൽ ഡോക്ടറേറ്റ് നേടിയ മറിയ ഉമ്മൻ. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മകളാണ്. തിരുവനന്തപുരം ഏണസ്റ്റ് & യംഗ് (EY) ഉദ്യോഗസ്ഥയാണ്. കൊച്ചി ഭദ്രാസനത്തിലെ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം ഡോ. വർഗീസ് ജോർജിന്റെ ഭാര്യയാണ്. മകൻ എഫിനോവ.**




**ഗീവർഗീസ് മാർ പക്കോമിയോസ് താമരശ്ശേരി സീറോ മലബാർ രൂപത ബിഷപ്പ് മാർ റെമിജിയോസ് ഇഞ്ചനാനിയിലിനെ സന്ദർശിക്കുന്നു.**



**ബയോളജിക്കൽ സയൻസിൽ പിഎച്ച്ഡി (അക്കാദമി ഓഫ് സയന്റിഫിക് ആൻഡ് ഇന്നവേറ്റീവ് റിസർച്ച്, ന്യൂഡൽഹി) നേടിയ പാമ്പാടി താലൂക്ക് ആശുപത്രി ഫാർമസിസ്റ്റ് അനു രാജു. പത്തനംതിട്ട ഓമല്ലൂർ പൊയ്കയിൽ പരേതരായ പി. വി. രാജുവിന്റെയും മറിയാമ്മയുടെയും മകൾ. ഭർത്താവ് കോട്ടയം അമയന്നൂർ താഴത്തേത്ത് ടി. ടി. മാത്യു.**

പ. സഭയുടെ UK - EUROPE ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ജോലി സംബന്ധമായോ പഠന സംബന്ധമായോ മറ്റും യൂറോപ്പിൽ വിവിധ സ്ഥലങ്ങളിൽ ആയിരിക്കുന്ന പ. സഭാ മക്കൾക്ക് ആരാധനാ സൗകര്യം ക്രമീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ദയവായി നൽകിയിരിക്കുന്ന ഇ മെയിലിൽ oassiseurope@gmail.com ബന്ധപ്പെടുക.



## സി. ഒ. ജോസഫ് റമ്പാൻ അന്തരിച്ചു

പത്തനാപുരം: മൗണ്ട് താബോർ ദയറാ അംഗം സി. ഒ. ജോസഫ് റമ്പാൻ അന്തരിച്ചു. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഉള്ളന്നൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗമാണ്.

## സൗമ്യം മധുരം ആ ജീവിതം

പ്രിയ ജോസഫ് റമ്പാച്ചൻ വിട ചൊല്ലുകകയാണ്... ഇരുപത്തിയേഴ് വർഷത്തെ നല്ല ബന്ധം ഭൗതികമായി കുറച്ച് നിമിഷം കൂടെ കഴിയുമ്പോൾ അവസാനിക്കും. 1996–ലാണ് പ്രിയ ജോസഫ് റമ്പാച്ചന്റെ അടുത്ത മുറിയിൽ പത്തനാപുരം ആശ്രമത്തിൽ താമസിക്കാൻ ഭാഗ്യം ലഭിക്കുന്നത്. ആരോടും കൂടുതലൊന്നും മിണ്ടാതെ ഒരരികിൽ കൂടെ ജീവിതം നയിക്കുന്ന പ്രത്യേകിച്ച് വലിയ അട്രാക്ഷൻ ഒന്നുമില്ലാത്ത ഒരു സാധു കത്തനാർ... അതായിരുന്നു അന്നെനിക്ക് ജോസഫ് അച്ചൻ..

യാമ പ്രാർഥനകൾ എത്ര സുഖമില്ലെങ്കിലും മുടക്കാറില്ല. വി. കുർബാനക്കുള്ള ഒരുക്കം, അതിലെ ആത്മാർഥത, അവസാനം കാപ്പ മടക്കുന്നതിലുള്ള ശ്രദ്ധ ... ചിട്ട, നിഷ്ഠ, കൃത്യത... മേൽപ്പറഞ്ഞതൊക്കെ അനൽപ്പമായ ഒരു ശ്രദ്ധയും ബഹുമാനവും ഉയരുന്നതിന് കാരണമായി. പിന്നെ ചെറിയ സംഭാഷണങ്ങളിലൂടെ ആ ബന്ധം ഒരു ഗുരുശിഷ്യ ബന്ധത്തിലേക്കും പിതൃപുത്ര വാത്സല്യത്തിലേക്കും പെട്ടെന്ന് നയിച്ചു..

പിന്നെയാണ് പതുക്കെ പതുക്കെ മനസ്സിലാകുന്നത്, ഈ ആദരണീയനായ വൈദികൻ ധാരാളം വൈദികർക്ക് ഉൾപ്പടെ ഒരു ആശ്വാസത്തിന്റെ തുറമുഖമായിരുന്നു എന്ന്. വിഷഗന്ധിയായ അധികാരം സനാതന ആത്മീയതയെ പത്തി വിടർത്തി വരിഞ്ഞു മുറുക്കുമ്പോൾ, മറുതലക്കൽ ആത്മാവ് ജീവശ്വാസത്തിനു വേണ്ടി കേഴുമ്പോൾ.. ഒറ്റപ്പെട്ട ശബ്ദം മരുഭൂമിയിൽ കേൾക്കുന്നതു പോലെ... 'സാരമില്ല കുഞ്ഞേ.. ഈ കാലവും കഴിഞ്ഞു പോകും...'

പലപ്പോഴും അധികാര സിണ്ടിക്കേറ്റിന്റെ ഗർവുകൾക്ക് മുന്നിൽ നിന്നു 'താൻ പോടോ' എന്ന് പറയാൻ ഈ പാവത്തിനു എങ്ങനെ ശക്തി കിട്ടി എന്നന്വേഷിക്കുമ്പോഴാണ്, കാതോലിക്കേറ്റിന്റെ കാവൽഭടൻ എന്ന് പുത്തൻകാവിൽ കൊച്ചുതിരുമേനി വിശേഷിപ്പിച്ച മാർ തോമാ ദീവന്നാസ്സിയോസ് എന്ന മഹാമേരുവിന്റെ ശിഷ്യൻ എന്ന ഗുണവും ആഢ്യത്വവുമാണ് ഈ നിഴലിക്കുന്നത് എന്ന് ബോധ്യമാകുന്നത്.

അഞ്ചാം കാതോലിക്കാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പരുമല സെമിനാരിയിൽ നടന്ന കാര്യങ്ങൾക്ക് മാർ തോമാ ദീവന്നാസിയോസ് നടത്തിയ ശ്രദ്ധേയമായ ഇടപെടലുകൾ ഉൾപ്പടെ സഭാപരമായ പലനിർണ്ണായക നിമിഷങ്ങളിലും അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന റമ്പാച്ചൻ അനുഭവ പാഠങ്ങളുടെ കലവറയായിരുന്നു.

വ്യക്തിപരമായി എനിക്ക് ഒത്തിരി പ്രചോദനം നൽകിയ ആചാര്യൻ... വിഷമഘട്ടങ്ങളിൽ ആശ്വാസം ലഭിക്കുന്ന ഒരു തുരുത്തായി അദ്ദേഹം മല പോലെ നിന്നു.. എല്ലാ കൊച്ചു വൈദികർക്കും അങ്ങനെ തന്നെ.. സമീപിക്കുന്ന എല്ലാവർക്കും ഒരു പുഞ്ചിരി, ഒരു ചെറിയ നുള്ള്, അല്ലെങ്കിൽ സ്നേഹത്തോടെ ഒരാശ്ലേഷണം.. ഇനി അതില്ല എന്നത് ശൂന്യത ശൂന്യത നൽകുന്നു...

2008–ൽ വിവിധ ശാരീരിക പ്രയാസങ്ങളിൽ ആയിരുന്ന റമ്പാച്ചനെ വെല്ലൂർ മെഡിക്കൽ കോളജിൽ മൂന്ന് മാസം ശുശ്രൂഷിക്കാനും എനിക്ക് അവസരം ലഭിച്ചു. പൂർണ ആരോഗ്യവാനായി മടങ്ങിയെത്തിയ അദ്ദേഹത്തിനു 2013–ൽ തോമാ മാർ ദീവന്നാസ്സിയോസ്, പ. ദിദിമോസ് ബാവ എന്നിവരുടെ പിൻഗാമിയായി പത്തനാപുരം ദയറായുടെ അധിപനും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മാനേജരായും തിരഞ്ഞെടുക്കപ്പെട്ടു. അധികാരത്തിന്റെ ഫ്യൂഡൽ മനോഭാവങ്ങളില്ലാതെ, സൗമ്യനായി, ഉത്തമ ഭരണ കർത്താവായി അദ്ദേഹം ഒരു സ്നേഹവലയം താബോർ കുന്നിൽ സൃഷ്ടിച്ചെടുത്തു.

വ്യക്തിപരമായി എന്നെ ഒത്തിരി അദ്ദേഹം സ്നേഹിച്ചിരുന്നു. പൗരോഹിത്യ പട്ടത്വ ശുശ്രൂഷ, ഭവനത്തിലെ എല്ലാ ചടങ്ങുകൾക്കും അദ്ദേഹം ക്ഷീണം മറന്ന് ഓടിയെത്തി... 'പഠിക്കണം.. കൂടുതൽ വളരണം.. ദൈവത്തിന്റെ കരം കുറുകിപ്പോയിട്ടില്ല' എന്ന ശബ്ദം ഇനിയില്ലല്ലോ എന്നതാണ് വേദന..

പരുമലയിൽ നിന്നു പത്തനാപുരത്തേക്ക് വിലാപയാത്രയിൽ വാഹനം ഓടിച്ച് വരുമ്പോൾ ചില കടകൾ വേദനാപരമായ ഓർമ്മയെ വീണ്ടും ഉണർത്തി.. അദ്ദേഹത്തിന്റെ ശുശ്രൂഷകളിൽ സഹായിയായി പോകുമ്പോൾ ഈ കടകളുടെ മുന്നിൽ വാഹനം നിർത്തുമായിരുന്നു. ഉടമസ്ഥർ ഇറങ്ങിവന്ന് കുശലം ചോദിക്കും. കൂടെയുള്ള ശെമ്മാശ്ശന് കുടിക്കാൻ വാങ്ങി തരാതെ യാത്രയില്ല.

കഴിഞ്ഞ ആഴ്ച പരുമലയിൽ എത്തി അദ്ദേഹത്തെ കണ്ടു പ്രാർത്ഥിച്ചിരുന്നു. ഏതാണ്ട് 10 ദിവസം മാത്രം കിടന്നു. രണ്ടു വർഷം മുൻപുതന്നെ തന്നെ സംസ്കരിക്കുവാനുള്ള കല്ലറ, അവസാന യാത്രക്ക് അണിയിക്കേണ്ട കാപ്പ, പത്രത്തിൽ ചരമ കോളത്തിൽ കൊടുക്കുവാനുള്ള ചിത്രം എല്ലാം സഹവൈദികരെ ഏൽപ്പിച്ചിരുന്നു. ദൈവത്തിന്റെ ദൂതന്മാർ റമ്പാച്ചനെ പുണ്യമുള്ള പിതാക്കന്മാരുടെ അടുത്തേക്ക് കൂട്ടിക്കൊണ്ട് പോയി. ദൈവത്തിന്റെ പുരിഹിതാ സമാധാനം.

**– ഫാ. റെജി അലക്സാണ്ടർ**

## ഏറെ സ്വാധീനിച്ച ഒരു വ്യക്തിത്വം

വന്ദ്യ ജോസഫ് റമ്പാച്ചനെക്കുറിച്ച് ഓർക്കുവാനും എഴുതാനും ഏറെയുണ്ട്. എന്റെ ജീവിതത്തിൽ എന്നെ ഏറെ സ്വാധീനിച്ച ഒരു വ്യക്തിത്വം. എന്റെ ഇഷ്ടം കൂടാതെയെങ്കിലും, എന്നെ പത്തനാപുരം ബോർഡിംഗ് സ്കൂളിൽ ചേർക്കുകയും, ഞങ്ങൾ ആറു മക്കളിൽ അഞ്ചുപേരെയും പത്തനാപുരം ദയറായുടെ വിവിധ സ്ഥാപനങ്ങളിൽ പഠിപ്പിക്കുകയും ചെയ്ത മാതാപിതാക്കൾക്കും സ്നേഹാദരങ്ങൾ.

1978–ലാണ് പത്തനാപുരം മൗണ്ട് താബോർ വക സെന്റ് സ്റ്റീഫൻസ് ബോർഡിംഗ് സ്കൂളിൽ എന്നെ മാതാപിതാക്കൾ ചേർക്കുന്നത്. എന്റെ ബോർഡിംഗ് ജീവിതം ആരംഭിക്കുമ്പോൾ, ജോസഫ് റമ്പാച്ചന്റെ (അന്ന് ജോസഫ് അച്ചൻ) പിതൃസഹോദരൻ ആയിരുന്ന ഉണ്ണി റമ്പാച്ചൻ (Very Rev C O Yohannaan Ramban) ആയിരുന്നു ഞങ്ങളുടെ വാർഡനും ഗുരുനാഥനും. ഞങ്ങളുടെ സമീപ പ്രദേശമായ ഉള്ളന്നൂർ പ്രദേശത്ത് നിന്നുള്ളവരും, കുടുംബപരമായി ഏറെ അടുപ്പമുള്ളവരും ആയിരുന്നതിനാൽ രണ്ടുപേരുടെയും പ്രത്യേക കരുതലും, സ്നേഹവും എനിക്ക് ഏറെ അനുഭവിക്കാൻ ഭാഗ്യമുണ്ടായി.

ബോർഡിംഗ് ജീവിതത്തിനിടെ അച്ചനോട് വളരെ അടുത്ത് ഇടപഴകാൻ അവസരം ലഭിച്ചിട്ടുണ്ട്. അന്നൊക്കെ ഇടദിവസങ്ങളിലും അവധി ദിവസങ്ങളിലും ശുശ്രൂഷകനായി പല സ്ഥലങ്ങളിലും വി. കുർബ്ബാനയ്ക്കായി ജോസഫ് അച്ചനൊപ്പം യാത്ര ചെയ്യാനും ഭാഗ്യം ഉണ്ടായിട്ടുണ്ട്.

ജോസഫ് റമ്പാച്ചനെ രോഗങ്ങൾ അലട്ടിയ സമയങ്ങളിലും അദ്ദേഹം സന്തോഷത്തോടെ, പുഞ്ചിരിയോടെ വേദനകളെ നേരിട്ടത് ഓർക്കുന്നു. ഇടയ്ക്ക് തിരുവനന്തപുരത്ത് അനന്തപുരി ആശുപത്രിയിൽ ചികിത്സാർത്ഥം വരുമ്പോഴൊക്കെ എന്നെ വിളിക്കുകയും, പോയി കാണുകയും കുശലങ്ങൾ പങ്കുവയ്ക്കുകയും ചെയ്തിരുന്നത് ഓർക്കുന്നു.

ജോസഫ് റമ്പാച്ചൻ എന്നെ കാണുമ്പോഴൊക്കെ 'മോശക്കുഞ്ഞേ' എന്നും 'വെള്ളത്തിൽ നിന്ന് വലിച്ചെടുക്കപ്പെട്ടവനെ' എന്നൊക്കെ പിതൃ വാത്സല്യത്തോടെ വിളിക്കുന്നത് ഓർക്കുന്നു. ഇനി അങ്ങനെ ഒരു വിളി ഉണ്ടാകില്ലല്ലോ എന്നോർത്ത് വിഷമം ഉണ്ടെങ്കിലും സ്വർഗ്ഗീയ കൂടാരത്തിലെ അങ്ങയുടെ വാസം ഞങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും മധ്യസ്ഥതയും ആകുമെന്നോർത്ത് ആശ്വസിക്കുന്നു. വന്ദ്യ റമ്പാച്ചാ, അങ്ങയുടെ സ്വർഗ്ഗീയ പ്രാർത്ഥനകളിൽ ഞങ്ങളെയും ഓർക്കേണമെ!

**– മോസസ് ജോയിസ്, മാന്തളിർ**



## ജോർജ് കെ. ജെ. അന്തരിച്ചു

കൊച്ചി: ദി ന്യൂ ഇന്ത്യൻ എക്സ്പ്രസിന്റെ സീനിയർ അസിസ്റ്റന്റ് എഡിറ്റർ ജോർജ് കെ. ജെ. (54) അന്തരിച്ചു.

പത്തനംതിട്ടയിലെ കടമ്പനാട് സ്വദേശിയായ ജോർജിന് 29 വർഷത്തെ പത്രപ്രവർത്തന പരിചയമുണ്ട്. ഖലീജ് ടൈംസ്, ഗൾഫ് ന്യൂസ് ടൈംസ് ഓഫ് ഒമാൻ (മസ്കറ്റ്), ദി ട്രിബ്യൂൺ എന്നിവയുൾപ്പെടെ ഇന്ത്യയിലെയും വിദേശത്തെയും വിവിധ നഗരങ്ങളിൽ നിരവധി വാർത്താ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. കാക്കനാട്ടുള്ള കേരള പ്രസ് അക്കാദമിയിൽ നിന്ന് ജേണലിസം ഡിപ്ലോമ പൂർത്തിയാക്കിയ ജോർജ്ജ് 1994-ൽ ഇപ്പോൾ പ്രവർത്തനരഹിതമായ സൺ വീക്കിലി മാസികയിൽ (ന്യൂഡൽഹി) സബ് എഡിറ്ററായി ഔദ്യോഗിക ജീവിതം ആരംഭിച്ചു.

കൊച്ചിയിലേക്ക് മാറുന്നതിന് മുമ്പ് ദി ന്യൂ ഇന്ത്യൻ എക്സ്പ്രസിന്റെ ട്രിച്ചി, ബെംഗളൂരു എഡിഷനുകളിൽ അദ്ദേഹം ജോലി ചെയ്തിട്ടുണ്ട്. മികച്ച റിപ്പോർട്ടിംഗ് കഴിവുകളുള്ള അദ്ദേഹം ധാരാളം വളർന്നുവരുന്ന പത്രപ്രവർത്തകർക്ക് മാർഗനിർദേശം നൽകി. കുന്നംകുളം പനയ്ക്കൽ പ്രീതി ജോർജ് ആണ് ഭാര്യ. മകൻ: ആദിത്യ (വിദ്യാർഥി, അസീസി വിദ്യാനികേതൻ പബ്ലിക് സ്കൂൾ, കാക്കനാട്).

ഭൗതികദേഹം ഞായറാഴ്ച രാവിലെ കടമ്പനാട്ടുള്ള വീട്ടിൽ എത്തിക്കും. സംസ്കാരം ഞായറാഴ്ച രാവിലെ 11-ന് കടമ്പനാട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ.

## മാഞ്ഞു പോകുന്ന സാഹോദര്യം

കുടലിൽ ഒരു മേജർ ശസ്ത്രക്രിയ കഴിഞ്ഞു വിശ്രമിക്കുമ്പോഴും പെരുമ്പറയടിക്കും പോലെ നിർത്താത്ത ചുമയുള്ളപ്പോഴും തമാശ പറഞ്ഞു ചിരിക്കാനും മറ്റുള്ളവരെ ചിരിപ്പിക്കാനും ആർക്കെങ്കിലും കഴിയുമോ? എന്തായാലും എനിക്ക് പറ്റില്ല. പക്ഷേ, അങ്ങനെ ചെയ്യുന്ന ഒരു ചങ്ങാതി ഞങ്ങൾക്ക് ഉണ്ടായിരുന്നു; കെ. ജെ. ജോർജ്.

കർമ പരമ്പരയുടെ സ്നേഹ രഹിതമായ കഥയാണ് ജീവിതമെന്നും അവിടെ അകൽച്ചയും ദുഃഖവും മാത്രമേയുള്ളൂ എന്നുമെല്ലാം വായിച്ചു വളർന്നവരുടെ തലമുറയിൽ കർമ പരമ്പരയുടെ സ്നേഹനിർഭരമായ കഥയാണ് ജീവിതമെന്നും അവിടെ അടുപ്പവും സന്തോഷവും സൗഹൃദവും മാത്രമേ പാടുള്ളൂ എന്നും വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും തെളിയിച്ചവനായിരുന്നു കൂട്ടുകാർ കെജെ എന്നും അടുപ്പക്കാരും ബന്ധുക്കളും ജിനു എന്നും വിളിച്ചിരുന്ന കെ. ജെ. ജോർജ്. കഴിഞ്ഞ വ്യാഴാഴ്ച പുലർച്ചെ 1.15-ന് അയാൾ ലോകം വിട്ടു പോയി.

ആത്മാവ് വേർപെട്ട ആ ശരീരം ഇപ്പോൾ അടൂരിലെ ആശുപത്രി മോർച്ചറിയിലാണ്. അതിലേറെ മരവിച്ചൊരു മനസ്സുമായി ഞാനിതെഴുതുമ്പോൾ മനസ്സിൽ ഓർമകളുടെ വേലിയേറ്റമല്ല; അസഹ്യമായ സങ്കടവും ശൂന്യതയും മാത്രമാണ്.

കേരള പ്രസ് അക്കാദമിയിൽ 1991-92 ബാച്ചിൽ സഹപാഠികളായിരുന്നു ഞങ്ങൾ. അന്നു മുതൽ അടുത്ത കൂട്ടുകാരും. കേവലം കൂട്ടുകെട്ടല്ല; സഹോദര സ്നേഹത്തിന് സമമായ ഒരു പക്ഷേ, അതിലും അപ്പുറമുള്ള ഒരു ആത്മ ബന്ധം. പരസ്പരം താങ്ങും തണലുമായിരുന്ന രണ്ട് കൂട്ടുകാർ. ഞങ്ങളുടെ ബന്ധം എഴുതി ഫലിപ്പിക്കാനുള്ള പദസമ്പത്തൊന്നും എനിക്കില്ല.

ജോർജിനെ കുറിച്ച് എന്റെ നിർവചനം ഇതാണ്: കാരുണ്യവും കരുതലും സ്വഭാവമാക്കിയവൻ. പക്ഷേ, സ്വന്തം ശരീരത്തിന്റെയും ആരോഗ്യത്തിന്റെയും കാര്യത്തിൽ ആ പരിഗണനകൾ ഒരിക്കലും നൽകാതിരുന്ന ഒരാളും.

നല്ല പോര്‍ പൊരുതിയിട്ടും ഓട്ടം തികയ്ക്കാൻ നിൽക്കാതെ അവൻ ഇതാ ആത്മാക്കളുടെ ഗ്യാലറിയിൽ കയറിയിരിക്കുന്നു. നിസ്സഹായരായ ഉറ്റവരും ചങ്ങാതിമാരും അതോർത്ത് സങ്കടപ്പെടുന്നു.

പത്തു പേരു പോലുമില്ല എനിക്ക് ഇന്റിമേറ്റ് ഫ്രണ്ട്സ് എന്നു പറയാൻ. ആ പട്ടിക എത്ര കർശനമായി എഡിറ്റു ചെയ്താലും അതിൽ ജോർജ് എന്ന പേരുണ്ടാകും. മൂന്നു പതിറ്റാണ്ട് പിന്നിട്ട സൗഹൃദത്തിൽ ഞങ്ങൾ വഴക്കടിച്ചിട്ടുള്ളത് ആരോഗ്യകാര്യങ്ങളിൽ അവൻ കാണിച്ചിരുന്ന അശ്രദ്ധയുടെ പേരിൽ മാത്രമായിരുന്നു. പക്ഷേ, അതൊന്നും ഒരിക്കലും പിണക്കമായി മാറിയിട്ടില്ല. കാരണം ജോർജിനോട് പിണങ്ങാൻ എനിക്ക് എന്നല്ല ആർക്കും കഴിയുമായിരുന്നില്ല.

ഓർത്തഡോക്സ് സഭയിലെ സീനിയർ വൈദികനായിരുന്ന കടമ്പനാട് കളരിക്കാട്ട് പരേതനായ ഫാ. കെ. ജെ. ജോനയുടെയും കടമ്പനാട് സെന്റ് തോമസ് ഹൈസ്കൂൾ റിട്ട. പ്രധാന അധ്യാപിക വൈ. ആച്ചിയമ്മയുടെയും മകനാണ് ജോർജ്. കുടുംബ ബന്ധങ്ങളും സൗഹൃദങ്ങളും ഊഷ്മളമായി നിലനിർത്തുന്നതിൽ ഇത്രയും നിഷ്കർഷ പുലർത്തിയിരുന്ന മറ്റൊരാളെ എനിക്കറിയില്ല. ഒറ്റത്തവണ കണ്ടു പിരിഞ്ഞവർക്കുപോലും ഒരിക്കലും മറക്കാനാവാത്ത ഒരാളായിരുന്നു. പരുക്കൻ എന്നു തോന്നുന്ന രൂപവും അതിലും പരുക്കനായ ശബ്ദവും ഒക്കെക്കാരണം അടുക്കാൻ ആരും ആദ്യമൊന്നു മടിക്കും. പക്ഷേ ഒരു തവണയെങ്കിലും അവനോട് സംസാരിച്ചാൽ മനസ്സിലാകും ആ സ്നേഹവും ആത്മാർഥതയും.

ജോർജിന്റെ വാക്കുകളിൽ പറഞ്ഞാൽ ഇംഗ്ലീഷ് ഭാഷയായിരുന്നു അവന്റെ പണിയായുധം. അത് അക്ഷരാർഥത്തിൽ ശരിയുമായിരുന്നു. 26 അക്ഷരങ്ങളുടെ നിരത്തൽ എന്നതിന് അപ്പുറം ഒരു യോഗ്യതയുമില്ലാത്ത കോപ്പികൾ പോലും ജോർജിന്റെ എഡിറ്റിങ്ങിലൂടെയും റീറൈറ്റിങ്ങിലൂടെയും ആകർഷകവും അർഥവത്തുമായ ന്യൂസ് സ്റ്റോറികളും ഫീച്ചറുകളുമായി മാറും. അതിമനോഹരമായ റൈറ്റിങ് ക്രാഫ്റ്റും ആഴവും പരപ്പുമുള്ള വൊക്കാബുലറിയും ആശയ സമ്പത്തുമായിരുന്നു പത്രപ്രവർത്തകൻ എന്ന നിലയിൽ അവന്റെ കരുത്തും കഴിവും. പക്ഷേ, സ്വന്തമായി വളരെക്കുറച്ച് മാത്രമേ ജോർജ് എഴുതിയിട്ടുള്ളൂ. ഫിക്ഷൻ കണ്ടമാനം വായിച്ചിരുന്നെങ്കിലും ക്രിയേറ്റീവ് റൈറ്റിങ്ങിലേക്ക് കടക്കാൻ ഇഷ്ടമല്ലായിരുന്നു. ആ വഴിക്ക് പോയിരുന്നെങ്കിൽ ജോർജ് കളരിക്കാട്ടിന്റെ തലവര മറ്റൊന്നാകുമായിരുന്നു എന്നാണ് എന്റെ വിശ്വാസം

പത്രത്തിന്റെ എഡിറ്റോറിയൽ ഡസ്കിൽ പുതുതായി ജോലിക്കെത്തുന്നവരെ പരിശീലിപ്പിക്കുന്നതിൽ അതിസമർഥനായിരുന്നു ജോർജ്. സീനിയോരിറ്റിയൊക്കെ മറന്ന് അവരിലൊരാളാകും. അതു കൊണ്ടു തന്നെ ചെറുപ്പക്കാരായ സഹപ്രവർത്തകർക്ക് പ്രിയങ്കരനും. പക്ഷേ, ജോലിയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകുകയുമില്ല. പത്രപ്രവർത്തനത്തിനു പകരം അധ്യാപന രംഗത്തായിരുന്നു എങ്കിൽ വിദ്യാർഥികൾക്ക് ഏറ്റവും പ്രിയപ്പെട്ട, രസികനായൊരു അധ്യാപകനാകുമായിരുന്നു അയാൾ.

ചണ്ഡീഗഡിലെ ദ് ട്രിബ്യൂണിലാണ് പത്രപ്രവർത്തകനായി ജോർജിന്റെ തുടക്കം. പിന്നീട് ന്യൂ ഡൽഹിയിൽ ദ് സൺ വീക്ക്‌ലിയിൽ. ദ് ന്യൂ ഇന്ത്യൻ എക്സ്പ്രസിൽ ബെംഗളൂരു, തിരുച്ചിറപ്പള്ളി, കൊച്ചി എഡിഷനുകളിൽ പ്രവർത്തിച്ച ജോർജ്, മീൻ ടൈം (ബെംഗളൂരു), ഡക്കാൻ ക്രോണിക്കിൾ (കൊച്ചി) എന്നിവയിലും ജോലി ചെയ്തിട്ടുണ്ട്. ടൈംസ് ഓഫ് ഒമാൻ (മസ്കത്ത്), ഖലീജ് ടൈംസ് (ദുബായ്), ഗൾഫ് ന്യൂസ് (ദുബായ്) എന്നീ വിദേശ പത്രങ്ങളിലും പ്രവർത്തിച്ചു.

ന്യൂസ് ഡെസ്ക് എന്ന മറയ്ക്കുള്ളിൽ പെട്ടുപോകുന്ന പ്രതിഭാധനരായ മനുഷ്യരിൽ ഭൂരിഭാഗത്തെയും പുറം ലോകം അറിയുകയില്ല. ജോർജിന് അതിലൊന്നും ഒരു നിരാശയും ഉണ്ടായിരുന്നില്ല. അവൻ ജോലി ചെയ്ത പത്രങ്ങളിൽ മിന്നിത്തിളങ്ങിയ പല ബൈലൈനുകളിലെ വാർത്തകളുടെ യഥാർഥ ഓജസ്സും ശക്തിയും ജോർജ് എന്ന കൃതഹസ്തനായ എഡിറ്ററുടെ ഭാഷാവൈഭവമായിരുന്നു.

ഞായറാഴ്ച ഉച്ചയോടു കൂടി കടമ്പനാട് സെന്റ് തോമസ് കത്തീഡ്രലിന്റെ സെമിത്തേരിയിലെ മണ്ണിലേക്ക് മടങ്ങുകയാണ് ജോർജ്. പ്രാർഥനകളോടെ ഞങ്ങൾ കുറച്ചു സഹപാഠികൾ അവിടെയുണ്ടാകും. അവൻ സന്തോഷം നിറച്ച കുറേ കൂടിച്ചേരലുകളുടെ ഓർമകളുമുണ്ടാകും.

പക്ഷേ, എന്റെ അച്ചായാ നിന്നോട് ഞകജ എന്നു പറയാൻ എനിക്കു കഴിയുന്നില്ലല്ലോ. നീ വിചാരിച്ച പോലെയല്ല ലോക ഗതി. ശരിക്കും ഇതു കർമ പരമ്പരയുടെ സ്നേഹ രഹിതമായ കഥ തന്നെയാണ്. ഇവിടെ അകൽച്ചയും ദുഃഖവും മാത്രമേ സ്ഥായിയായിട്ടുള്ളൂ എന്നതാണ് സത്യം.

അല്ലെങ്കിൽ നമ്മളിങ്ങനെ ....... വിട. ❑



ഫാ. കെ. എം. ഐസക് അച്ചൻ ഫൗണ്ടേഷൻ നിർമിച്ച വീടിന്റെ താക്കോൽ സമർപ്പണം കെ. ജെ. തോമസ് നിർവ്വഹിക്കുന്നു. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് സമീപം.




## കാറ്റ് പോയാലും ഓടും ടയർ വികസിപ്പിച്ചതിന് എബ്രഹാമിന്റെ കമ്പനിക്ക് അവാർഡ്

ഒഹായോ: കാറ്റ് പോയാലും ദീർഘദൂരം ഓടുന്ന ടയർ വികസിപ്പിച്ചതിന് മലയാളി നേതൃത്വം നൽകുന്ന അമേരിക്കൻ എൻജിനിയറിങ് ഗ്രൂപ്പിന് (എഇജി അവാർഡ്. യുഎസ് സ്പെഷൽ ഓപ്പറേഷൻസ് ഫോഴ്സിന്റെ സ്മോൾ ബിസിനസ് ടീം അവാർഡാണ് എഇജി നേടിയത്. ഫ്ളോറിഡയിൽ നടന്ന എസ്ഐഎഫ് വ്യവസായ സമ്മേളനത്തിൽ അവാർഡ് വിതരണം ചെയ്തു.

തിരുവല്ലയ്ക്കു സമീപം പുറമറ്റം സ്വദേശിയാണ് എജിയുടെ സ്ഥാപകനും ഓപ്പറേഷൻസ് മാനേജരുമായ ഏബ്രഹാം പന്നിക്കോട്. സൈനിക വാഹനങ്ങൾക്ക് ഉപയോഗിക്കുന്ന പ്രത്യേകതരം ടയറുകളാണ് കമ്പനി വികസിപ്പിച്ചത്. കാറ്റ് പോയാലും മണിക്കൂറിൽ 50 മൈൽ വേഗരത്തിൽ 60 മൈൽ ദൂരം വരെ പോകുന്നതാണ് പുതിയ ടയർ. നിലവിലുള്ളത് 30 മൈൽ വേഗത്തിൽ 30 മൈൽ ദൂരമാണ് സഞ്ചരിക്കുന്നത്. ആദ്യ ടയറുകളിലെ കുറവുകൾ പരിഹരിച്ച് യാത്ര കൂടുതൽ സുഖകരമാകുന്ന തരത്തിലാണ് പുതിയത് രൂപകൽപന നടത്തിയതെന്ന് ഏബ്രഹാം പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭയുടെ മാനേജിങ് കമ്മറ്റി അംഗവും, പുറമറ്റം സെന്റ് കുറിയാക്കോസ് ഇടവകാംഗവുമാണ്.

## പുസ്തകം




## നെടുങ്കണ്ടം എസ്.എം.ഇ. കോളജ് നഴ്സിങ് വിദ്യാർത്ഥിനിയുടെ ഫീസ് ഓർത്തഡോക്സ് സഭ എറ്റെടുത്തു

നെടുങ്കണ്ടം: ശനിയാഴ്ചയ്ക്കകം ഫീസ് അടയ്ക്കണമെന്നും ഇല്ലെങ്കിൽ ക്ലാസിനു പുറത്തുനിർത്തുമെന്നും കോളജ് അധികൃതർ ഭീഷണിപ്പെടുത്തിയ വിദ്യാർഥിനിയുടെ ഫീസ് വെള്ളിയാഴ്ച തന്നെ അടച്ചുതീർത്ത് ഓർത്തഡോക്സ് സഭയുടെ കരുതൽ.

നെടുങ്കണ്ടം എസ്എംഇ നഴ്സിങ് കോളജിലെ അവസാന വർഷ ബിരുദ വിദ്യാർഥിനിയുടെ മുഴുവൻ ഫീസും ഓർത്തഡോക്സ് സഭ ഇന്നലെ അടച്ചു. ഫീസിന്റെ പേരിൽ കോളജ് അധികൃതർ വിദ്യാർഥിനിയെ ബുദ്ധിമുട്ടിച്ചതിന്റെ വാർത്ത കഴിഞ്ഞ ദിവസം "മനോരമ പ്രസിദ്ധീകരിച്ചിരുന്നു. അതു ശ്രദ്ധയിൽ പെട്ട പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയുടെ നിർദേശത്തെത്തുടർന്നാണ് ഫീസിനത്തിൽ കുടിശികയായ 72,500 രൂപ സഭ അടച്ചത്. സഭയുടെ "സഹോദരൻ ' പദ്ധതിയിലൂൾപ്പെടുത്തിയാണു വിദ്യാർഥിനിക്കു സഹായം നൽകിയത്.


ഫീസിന്റെ പേരിൽ അപമാനിച്ച സംഭവത്തിൽ, കോളജിന്റെ ചുമതലയുള്ള സെന്റർ ഫോർ പ്രഫഷനൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (സീപാസ്) അധികൃതർ കഴിഞ്ഞ ദിവസം വിദ്യാർഥിനിയെ വിളിച്ച് ക്ഷമ ചോദിച്ചിരുന്നു. പത്തനംതിട്ട സ്വദേശിനിയാണു വിദ്യാർഥിനി.



നിരണം വലിയപള്ളിയിലെ എം.ജി.ഒ.സി.എസ്.എം. ന്റെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി സൈക്കിൾ റാലി നടത്തപ്പെട്ടു. ഇടവക വികാരിമാരായ ഫാ. തോമസ് മാത്യു, ഫാ. ബിബിൻ മാത്യു എന്നിവർ റാലിക്ക് നേതൃത്വം നൽകി. യൂഹാനോൻ റമ്പാൻ റാലി ഫ്ളാഗ് ഓഫ് ചെയ്യുകയും കേന്ദ്ര സ്റ്റുഡൻസ് വൈസ് പ്രസിഡന്റ് സ്നേഹ ജാക്സൺ ആശംസ അറിയിക്കുകയും ചെയ്തു. വിദ്യാർഥികൾ ഏവരും ലഹരിക്കെതിരായി പ്രതിജ്ഞയെടുത്തു.



**അഖില മലങ്കര മർത്ത മറിയം വനിതാ സമാജം നൽകിവരുന്ന കർഷക യോഷോ അവാർഡിന് ശ്രീമതി. നവോമി ബാബു അർഹയായി. മലബാർ ഭദ്രാസനത്തിലെ മൈക്കാവ് സെന്റ് മേരീസ് ഓർത്തഡോക്ൾസ് വലിയ പള്ളി ഇടവകാംഗമാണ്.**



# ഗോൾഡൻ കുഞ്ഞുമോൻ അന്തരിച്ചു

പത്തനംതിട്ട: മുൻ സഭാ മാനേജിങ് കമ്മിറ്റി അംഗം മാക്കാംകുന്ന് കിഴക്കേടത്തു കെ. ഒ. വർഗീസ് (ഗോൾഡൻ കുഞ്ഞുമോൻ. 85) അന്തരിച്ചു.

സംസ്കാരം നവംബർ 19-ന് മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ കുറിയാക്കോസ് മാർ ക്ലീമീസിന്റെ കാർമികത്വത്തിൽ നടത്തി.

ഭാര്യ: കുളത്തൂപുഴ നെല്ലിമൂട്ടിൽ പരേതയായ ലീലാ വർഗീസ്. മക്കൾ: തോമസ് വർഗീസ് ഉമ്മൻ (ടോം) (ഗോൾഡൻ സുസുക്കി, പത്തനംതിട്ട), ദീപ സാറ വർഗീസ്. മരുമക്കൾ: പാമ്പാടി ചേന്നാട്ടുമറ്റം ജിൻസി സൂസൻ കുര്യൻ, ചേപ്പാട് ഏവൂർ കടമ്പാട്ട് വർഗീസ് മാത്യു (ചാർട്ടഡ് അകൗണ്ടന്റ്, പത്തനംതിട്ട).

# മാഞ്ഞത് അച്ചടി രംഗത്തെ അര നൂറ്റാണ്ടിന്റെ അക്ഷരത്തിളക്കം

പത്തനംതിട്ട: നഗരത്തിൽ അച്ചടി രംഗത്ത് അര നൂറ്റാണ്ടിലേറെ തിളങ്ങിനിന്ന വ്യക്തിയായിരുന്നു ഗോൾഡൻ പ്രസ് ഉടമ അന്തരിച്ച മാക്കാംകുന്ന് കിഴക്കേടത്ത് കുഞ്ഞുമോൻ എന്ന കെ. ഒ. വർഗീസ്. പിതാവ് കെ. സി. ഉമ്മൻ നടത്തി വന്നിരുന്ന അച്ചടിശാല പിതാവിന്റെ മരണശേഷം 16-ാം വയസ്സിൽ ഏറ്റെടുത്തു നടത്തി വരികയായിരുന്നു. അസുഖബാധിതനായി കിടപ്പിലാകുന്ന വരെ ദിവസവും നഗരഹൃദയത്തിലെ പ്രസിൽ എത്തുകയും ഊർജസ്വലമായി പ്രവർത്തിക്കുകയും ചെയ്തിരുന്നു. നഗരത്തിലെ പേപ്പർ വ്യാപാരത്തിന്റെ മുഖമുദ്രയാണ് അദ്ദേഹത്തിന്റെ ഉടമസ്ഥതയിൽ സെൻട്രൽ ജംക്ഷനു സമീപം പ്രവർത്തിക്കുന്ന ഗോൾഡൻ പ്രസ് എന്ന സ്ഥാപനം. കെട്ടിടം പൊളിച്ചു പണിതതിനെ തുടർന്ന് പ്രസ് നിർത്തി പേപ്പർമാർട്ട് മാത്രം നടത്തി വരികയായിരുന്നു. വലിയ സുഹൃദ്‌വലയത്തിനുടമയായിരുന്നു കെ. ഒ. വർഗീസ്. പിതാവിനെപ്പോലെ ദീക്ഷ നീട്ടി വളർത്താനും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു.

ഓർത്തഡോക്സ് സഭാ മാനേജിങ് കമ്മിറ്റിയംഗമായി ദീർഘകാലം (മൂന്നു തവണ) പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ ട്രസ്റ്റി, പരുമല കൗൺസിൽ അംഗം, കാതോലിക്കേറ്റ് കോളജ് ഗവേണിങ് ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. മറ്റൊരു ലോകകപ്പ് ഫുടബോൾ പടിവാതിൽക്കൽ എത്തിനിൽക്കുമ്പോൾ പഴയ കാലത്തെ അറിയപ്പെടുന്ന ഫുട്ബോൾ കളിക്കാരനെയാണ് പത്തനംതിട്ട നഗരത്തിന് നഷ്ടമായത്.

# അണയാത്ത സ്നേഹദീപം

## ഷാജി മാത്തിലേത്ത്

മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ചും പ്രത്യേകിച്ച് തുമ്പമൺ ഭദ്രാസനത്തിനും ഗോൾഡൻ കുഞ്ഞുമോനിച്ചായാന്റെ സാന്നിധ്യവും നേതൃത്വവും വാക്കുകളിൽ മാത്രം ഒതുങ്ങുന്നതല്ല. ഓമല്ലൂർ പള്ളിയുടെ കേസിന്റെ കാലഘട്ടം മുതൽ തുമ്പമൺ ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും മുന്നിൽ ചങ്കൂറ്റത്തോടുകൂടി നെഞ്ചുവിരിച്ച് നിൽക്കുന്ന പത്തനംതിട്ട കിഴക്കേടത്ത് കെ. ഒ. വർഗീസ് എന്ന കുഞ്ഞുമോനിച്ചയാൻ സഭയുടെ വിവിധ സമിതികളിൽ ക്രിയത്മകമായി പ്രവർത്തിച്ച് വ്യക്തിമുദ്ര പതിപ്പിച്ച മലങ്കരസഭയുടെ അഭിമാന പുത്രനാണ്. ഒപ്പം തനിക്ക് ശരിയെന്ന് തോന്നുന്നത് എത്ര ഉന്നത സ്ഥാനികളുടെ മുമ്പിലും മുഖംനോക്കാതെ വ്യക്തിബന്ധങ്ങൾക്ക് വിള്ളലേൽക്കാതെ പ്രകടിപ്പിക്കുന്നതിന് കുഞ്ഞുമോനിച്ചായന് ഒരു സങ്കോചവും ഉണ്ടായിരുന്നില്ല. എന്നാൽ മലങ്കരസഭയുടെ ആത്മാഭിമാനത്തെ കളങ്കപ്പെടുത്തുന്നതോ കുറച്ചു കാണിക്കുന്നതായ ഒരു പ്രവർത്തനത്തിനും കുഞ്ഞുമോനിച്ചായന്റെ പിന്തുണ ലഭിക്കുകയില്ലായിരുന്നു.

മാത്രമല്ല സഭയുടെ പ്രയാസ ഘട്ടങ്ങളിലെല്ലാ സഭാ പിതാക്കന്മാർക്കും വൈദികർക്കും പിന്നിൽ ഉറച്ചമനസ്സോട് നിന്ന് വിശ്വാസികൾക്ക് നേതൃത്വം കൊടുക്കുന്ന സഭാസ്നേഹിയായിരുന്നു കുഞ്ഞുമോനിച്ചായൻ. ജീവിതത്തിന്റെ എല്ലാ തുറകളിലും സത്യസന്ധതയ്ക്ക് മുൻതൂക്കം കൊടുത്തു നേരെ വാ നേരെ പോ എന്ന ശൈലി അവലംബിച്ചാണ് സഭാ കാര്യങ്ങളിലും വ്യവസായ രംഗത്തും കുഞ്ഞുമോനിച്ചായൻ പ്രവർത്തിച്ചിരുന്നത്.

2007-ൽ പ്രകാശധാര സ്കൂളിന് പുത്തൻപീടികയിലെ സ്ഥലവും ഇരുനില ക്കെട്ടിടവും വാങ്ങുവാൻ മുൻകൈയെടുത്ത വ്യക്തി ആയിരുന്നു കുഞ്ഞുമോനിച്ചായൻ. ആ സ്ഥലത്തിന്റെ ഉടമസ്ഥരോട് ആശയവിനിമയം നടത്തി അന്നത്തെ മാർക്കറ്റ് വിലയെക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് വാങ്ങിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിലും ആ സ്ഥലം വാങ്ങി സ്കൂൾ പുത്തൻപീടികയിലേക്ക് മാറ്റി സ്ഥാപിച്ചാൽ ഉള്ള പ്രയോജനങ്ങളെപ്പറ്റിയും കമ്മറ്റിയിൽ പറഞ്ഞു ബോധവൽക്കരിക്കുന്നതിനും, ഫിലിപ്പോസ് മാർ യുസേബിയസ് തിരുമേനിയിൽ നിന്ന് അനുകൂല നിലപാട് ലഭിക്കുന്നതിനും കുഞ്ഞുമോനിച്ചായന്റെ സ്വാധീനം വളരെ ഉപകരിക്കപ്പെട്ടു. വസ്തുവിന് വേണ്ട അഡ്വാൻസ് തുക നൽകിയതും ഉൾപ്പെടെ പ്രകാശധാര സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും തുടക്കം മുതൽ സജീവമായി നിന്ന് പ്രവർത്തിച്ച വ്യക്തിയാണ് അദ്ദേഹം. പ്രകാശധാര സ്കൂളിലെ കുട്ടികളുടെയും ക്ഷേമ കാര്യങ്ങളിൽ എപ്പോഴും പ്രത്യേകത ശ്രദ്ധ ചെലുത്തിയിരുന്നു നിശബ്ദമായി പിന്നോക്ക അവസ്ഥയിൽ ഉള്ള പലരെയും വ്യക്തിപരമായി സഹായിക്കുന്നതിൽ മുൻപന്തിയിലായിരുന്നു. പ്രകാശധാര സ്കൂളിന്റ ചരിത്രത്തിൽ ഗോൾഡൻ കുഞ്ഞുമോനിച്ചായന്റെ പ്രവർത്തനങ്ങൾ എന്നും അണയാത്ത ദീപമായി ജ്വലിച്ചു നിൽക്കും

പുഞ്ചിരി തൂകിയുള്ള സംസാരത്തിലും നോട്ടത്തിലും ഗൗരവമുള്ള പ്രകൃതം എന്ന് തോന്നിക്കുമെങ്കിലും സഹജീവികളെ സഹായിക്കുന്നതിലും അർഹതപ്പെട്ടവരോട് ആർദ്രത ഉള്ള മനസ്സോടെ ഇടപെടുന്നതിനും, കരുണയുള്ള പ്രവർത്തികൾ ചെയ്യുന്നതിലും വളരെ തല്പരനായിരുന്നു.

മലങ്കര സഭയുടെ ഏതു സമിതികളിൽ പ്രവർത്തിച്ചാലും അവിടൊക്കെ തന്നെ അഭിപ്രായം പറഞ്ഞു ഏറ്റെടുക്കുന്ന ചുമതല പരിപൂർണ്ണ വിജയത്തിലെത്തിക്കുന്നതിൽ കുഞ്ഞുമോനിച്ചായന്റെ നൈപുണ്യം പ്രശംസനീയം ആയിരുന്നു.

# വ്യക്തമായ ആശയങ്ങളുടെയും അപാരമായ ധൈര്യത്തിന്റെയും ആൾരൂപം

## മോൻസി സാമുവേൽ പത്തനംതിട്ട

വ്യക്തമായ ആശയങ്ങളുടെയും, അപാരമായ ധൈര്യത്തിന്റെയും ആൾരൂപം ആയിരുന്നു പ്രിയപ്പെട്ട ഗോൾഡൻ കുഞ്ഞുമോൻ അച്ചായൻ. പത്തനംതിട്ടയിലെ ഗോൾഡൻ പ്രസ് ഒരു വ്യവസായ സ്ഥാപനം മാത്രം അല്ലായിരുന്നു. തുമ്പമൺ ഭദ്രാസനത്തിന്റെയും, സഭയുടെയും മുന്നോട്ടുള്ള പോക്കിന് വേണ്ടിയുള്ള ഒരു ആശയ, സംവാദ കേന്ദ്രം കൂടി ആയിരുന്നു. വൈദികരും അല്മായരും കുഞ്ഞുമോനച്ചായൻ പറയുന്നത് കേൾക്കാനും, അച്ചായനോട് സംസാരിക്കുവാനും കടയിൽ എത്തുന്നത് പത്തനംതിട്ടക്കാരുടെ പതിവ് കാഴ്ച ആയിരുന്നു. സഭക്കുള്ളിൽ തെറ്റു കണ്ടാൽ ആളിന്റെ വലിപ്പ, ചെറുപ്പ വ്യത്യാസം നോക്കാതെ സ്ഥാനവലിപ്പം നോക്കാതെ അവരെ ശാസിക്കാനും, തിരുത്താനും അദ്ദേഹം കാണിച്ച അനല്പമായ ധൈര്യം, മാനേജിംഗ് കമ്മിറ്റിയിൽ ഉയർത്തിയിട്ടുള്ള ചോദ്യങ്ങൾ എന്നിവ കുഞ്ഞുമോൻ അച്ചായന്റെ വ്യക്തിത്വത്തെ തിളക്കം ഉള്ളതാക്കി. വലം കൈയ് ചെയ്യുന്നത് ഇടം കൈയ് അറിയാതെ സഭയ്ക്കും, മറ്റ് അർഹത ഉള്ളവർക്കും കൊടുത്തിട്ടുള്ള ചാരിറ്റിയുടെ കണക്കുകൾ തന്നെ പല കോടികൾ ഉണ്ടാകും. പുതു തലമുറയ്ക്ക് പോലും ആവേശമായി ജീവിച്ച കുഞ്ഞുമോൻ അച്ചായന്റെ ആത്മാവിനെ ദൈവം ഇമ്പങ്ങളുടെ പറുദീസയിൽ ആശ്വസിപ്പിക്കട്ടെ.



കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസിന്റെ പദ്ധതിയായ പുതിയനിയമ പഠന പദ്ധതി ഇടവകതല ഉദ്ഘാടനം മീനടം വലിയപള്ളിയിൽ നവംബർ 13-നു ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോൺ ശങ്കരത്തിൽ സമീപം.



മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സിനോസിന് ഈറോഡിലെ തമിഴ് ഓർത്തഡോക്സ് കമ്മ്യൂണിറ്റി സ്വീകരണം നൽകി. ഈറോഡ് സെൻറ് ജോൺസ് തമിഴ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ചാൾസ് ബോസ്, മിഷൻ ഡയറക്ടർ ഫാ. ലിനു ലൂക്കോസ്, തിരുപ്പൂർ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. എബി തരകൻ എന്നിവരുടെ നേതൃത്വത്തിൽ വിശ്വാസികൾ മെത്രാപ്പോലീത്തായെ സ്വീകരിച്ചു. 32 തമിഴ് കുടുംബങ്ങളിലായി 120 അംഗങ്ങൾ ഈ ഇടവകയിലുണ്ട്.



മലങ്കര സഭയിൽ സൺഡേ സ്കൂളിന്റെ വേദപ്രവീൺ (12th Class) പരീക്ഷയിൽ ഏറ്റവുമധികം പേർ വിജയിച്ച ഇടവകയിലൊന്നായ കൊട്ടാരക്കര തൃക്കണ്ണമംഗൽ സെന്റ് ജോർജ് (തട്ടത്ത്) ഇടവകയിലെ വിജയികൾ വികാരി ഫാ. സ്പെൻസർ കോശിയോടൊപ്പം.



## പരിശുദ്ധ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് കാർഷിക അവാർഡ് സമ്മാനിച്ചു

ദുബായ്: സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനം മലങ്കരസഭയിലെ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് അഞ്ചാമത് കാർഷിക അവാർഡ് അതിൻ തോമസിന് സമ്മാനിച്ചു. സമ്മിശ്ര കൃഷി രീതിയിലൂടെ 8 ഏക്കർ മണ്ണിൽ പൊന്നു വിളയിക്കുന്നതിൽ മികവ് കാട്ടിയ ശ്രീ. അതിൻ തോമസ് യുവതലമുറയ്ക്ക് കണ്ടുപഠിക്കാൻ മണ്ണിൽ മനസ്സ് നൽകി. ബി.എ. ഇംഗ്ലീഷിൽ ബിരുദധാരിയായ ഈ യുവ കർഷകൻ കൃഷിയോട് മുഖം തിരിച്ചു നിൽക്കുന്ന യുവതലമുറയ്ക്ക് മാതൃകയാണ്. പാലക്കാട് ജില്ലയിലെ നടുവത്തപ്പാറ സ്വദേശിയായ അതിൻ തോമസ് മലങ്കര ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ഭദ്രാസനത്തിലെ കൊണ്ടാഴി സെൻറ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗമാണ്. ദുബായ് സെൻറ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിലെ കൊയ്ത്തു പെരുന്നാളിനോട് അനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനത്തിൽ വച്ച് പ്രമുഖ വ്യവസായി എം. എ. യൂസഫലി മെമന്റോയും ക്യാഷ് അവാർഡും സമ്മാനിച്ചു.




**News, Advertisements, Wishes Etc...**
**Contact** 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file